VOTING OF DEMANDS FOR GRANTS—(contd.)

20—Education—Rs. 16,26,650.

*Rao Sahib I. N. Menon.—Mr. President, Sir, it is my privilege for the 6th time since my first association with this Hon'ble House to rise in my seat for demanding a very large sum indeed in support of a service which seeks to take education to the doors practically of nearly 170 thousand children and incidently keeps employed roughly 5,000 adults. This in days of depression is indeed colossal and worthy of praise. My Hon'ble colleague the Finance Member was pleased to point out that this year's demands under Education are the largest on record thereby implying as it were that this department has got the lion's share in the allotment. While, Sir, I do admit and acknowledge with gratitude the magnitude of the munificence of this House, I may be permitted to say a few words on certain obvious limitations under which I have been, like other Hon'ble colleagues on this side, placed. To say that education is a nation building service is one thing. To say that we might incur a national debt in support of it is something different. Due to the small size of the State, due to the small size of our revenues and the inelasticity of its resources and on account of the annually increasing demands for the expansion of educational facilities in other ways, the demand under Education has naturally grown from day to day, from year to year. This phenomenon while it is both natural and inevitable certainly has an alarming aspect. I think the Finance Member has to a certain extent given expression to this view that educational expenditure has assumed alarming proportions. To some education itself is alarming. But to this Government the expenditure alone is alarming. The great difficulty is, Sir, as I have tried to point out, we are not in a position like larger independent States to incur national debts in respect of a nation building service. We cannot budget for expenditure but we have to keep down our expenditure to our revenues. This is the radical difference between Governments which are in a position to budget in proportion to the needs and Government which like us are compelled to adjust expenditure to our needs. Therefore, however much one might wish that more sums of money were allotted under public utility services, among which education ranks very high, it is not from the nature of the case possible to budget for all our needs simultaneously. I say simultaneously because the progress of education has to be measured both in terms of quantity and

* The Speeches of the Hon'ble Member have not been corrected.

LIBRARY ARCHIVES Kerala Legislative Assembly

in terms of quality and from a perusal of the cut motions which I find tabled for discussion this afternoon reference is made to the need for increased allotment in respect of both the extension of education and for expenditure on improving its quality. It is no doubt highly necessary to find funds for financing education in both these aspects, for pushing at any rate the frontiers, particularly of primary education and also for improving its tone and quality. But, Sir, the Hon'ble Members themselves will be the first to admit that with our limited resources, with many other equally important charges on our revenues which are strictly limited, it is a question of internal adjustment of budgets to give to every public utility service its due share in the economy of our life. I submit that with these limitations the budget as it stands to-day very nearly meets all the essential requirements of a good budget. Sir, it is not my intention at all to anticipate objections, to anticipate the numerous cut motions that have been tabled for discussion. But I think in the interests both of clarifying discussion and also expediting the despatch of business I may be permitted to say a few words not by way of anticipation but by way of stating the general attitude of Government in respect of certain principles of policy.

As far as I have been able to gather from the trend of the general discussion on the budget and from a scrutiny of the principles underlying the majority of cut motions tabled for discussion, I find certain principles, very broad principles, emerged. In the first place, Sir, there seems to be absolute unanimity of assent with regard to the need for increased expenditure on elementary education. This is quite clear from the speeches which I have listened to in the course of the general discussion and from the motions tabled for discussion under the demand for education. While I do feel that there is need for more and more money to be spent on education on the elementary grade, while I do feel that we could make elementary education the primary charge as it were on the revenues of the State, at any rate on educational expenditure, I would like to remind the House that some advance has been made even in this direction. If Hon'ble Members will try to refresh the memory of the figures of last year they will find that while about 49·6 per cent of the general educational expenditure was devoted to elementary education, it is nearly 51 per cent this year. To be more exact 50·77. I do admit, Sir, that the progress that is being made in this direction is not immense but with all the numerous calls even the slight improvement that is proposed

LIBRARY ARCHIVES Kerala Legislative Assembly

to be effected in the field of elementary education, I think, is considerable.

Another point which emerged was that a better type of elementary education should be provided in our schools. I find a cut motion tabled which no doubt seeks to introduce a change, that is with reference to the exclusion of the teaching of English in the carricula of our elementary schools. Mr. President, off-hand it is impossible for Government to pronounce a final judgment on a matter like this, when there seems to be a cry for vernacularisation all around. But I may assure the Hon'ble Members that this point, the introduction of English as a compulsory second language in the carricula of primary education, will be very seriously considered in the course of this financial year.

Another improvement for which the House as a whole might claim just praise is the introduction and the investigation subsequent to the introduction of the Compulsory Primary Education Bill. No doubt I may be told that it is not a measure introduced by the Government. I would only reply that I am not claiming on behalf of the treasury benches any special praise what-so-ever. Naturally non-official element of any Legislative Council is the dynamic element. They supply the sails as it were. Naturally Government take the place of the keel. So long as the keel does not retard the progress of the ship as a whole and since there is complete co-operation between the factors of stability and of progress, I am quite confident that Hon'ble Members of the House will admit that progress; however slow, is assured.

Sir, there is not the same unanimity of opinion on the question of expenditure on University or collegiate education. While my Hon'ble friend the member for South Ezhuvas and the Hon'ble the lady Member are demanding more facilities for University education, the Hon'ble Anglo Indian Member has tabled a cut motion for the starting of a second grade college for women at Trichur.

Rao Sahib I. N. Menon.—I refer this simply to show that the same unanimity which you have achieved in respect of primary education is not naturally available on the question of expenditure on higher education. It seems to me that the trend of general opinion on the other hand has been towards a reduction of expenditure on University education. I am not prepared to draw into a controversy on this question but I may assure the Hon'ble Members of this House that every

LIBRARY ARCHIVES Kerala Legislative Assembly

effort consistent with our obligations is being made to economise our expenditure on University Education as a reference to the figures for the ensuing year will show. While collegiate education received about 9¾ per cent on the total expenditure last year, it has been brought down to 9½ per cent this year. No doubt half a per cent is not a very great decrease but in respect of a grade of education where expenditure is always in terms of thousands it is not easy to bring down expenditure as rapidly as one might wish for. At any rate this decrease is indicative of the general attitude of Government not towards taking any retrograde step in higher education but an indication of their anxiety to save whatever money is available for purposes of extension of the primary rather than other grades of education.

I may be permitted to add a word about another principle that seems to have emerged from the discussions and that is in respect of a similar cleavage of opinion with regard to the attitude of Government towards secondary education. It is rather unfortunate like all via medias that the position of secondary education is not a satisfactory one. Collegiate education has its ardent lovers and its confirmed enemies. Primary education has its unequivocal supporters; but secondary education occupying as it does in the gradation of educational carricula as a via media seems to be the centre of attack.

I find some Hon'ble Members like the Hon'ble Member for Cheruthuruthy demanding that secondary education should as far as possible be handed over to private agencies. There is also a tendency on the other hand which demands that Government should take no more secondary schools which are threatened to be defunct unless Government come to their rescue. On the one hand there was a general expression of feeling about the utility of this grade of education. On the other hand I find an equally emphatic, equally vague expression of feeling that though secondary education is only a higher elementary education it is worth giving to everyone. Placed as Government are in this predicament it had not got definitely taken any step either one way or the other and they have more or less budgetted for the normal expenditure on secondary education. If anything, the expenditure has slightly gone up from 27·64 per cent to 28·32 per cent, an increase which if appreciable is certainly not alarming.

Another point on which there has been consensus of openion on the sides of the House is the need for increased facilities for

LIBRARY ARCHIVES Kerala Legislative Assembly

the provision of libraries. Sir, I am afraid I will simply evoke laughter, smiles of scepticism if I say that this is a matter on which both sides are agreed on principle, because there is a tendency to cry down more agreements on principle unless this agreement is translated into concrete effect. I have tried in the course of replies to questions to point out that Government are making every effort to translate what has been caricatured by an Hon'ble Member of this House as a pious wish into actuality as quickly as possible. The library movement which has obtained a very strong footing in some of the advanced States like Baroda, it appears to a superficial view, has not obtained the same encouragement in Cochin. Sir, the library movement as an adjunct, as an attempt at remedying the defects of elementary education, is one thing. The library movement as an attempt to establish new amenities of life in the towns is something quite different. Even the most sceptical critic of the progress of elementary education in Cochin will be compelled to admit that the necessity for the provision of increased rural libraries is not so much as an adjunct or auxiliary to primary education as an additional facility for the rural reading public. I do admit that every effort should be made by a modern civilised Government to provide the tax payer with every civilised amenity of life. But, Sir, we have to subject this demand to a proportion which will certainly not go disproportionate in the general educational perceptive. It should be given its proper place in the general scheme of educational amneties and I may assure the Hon'ble Members that the start made this year in giving a lead to the progress of rural libraries will be steadily kept up and given effect to as we proceed from year to year.

Sir, before I conclude I would like to express the thanks both on behalf of Government and myself personally to the Advisory Committee and its members whose services have been of great use to me. In reply to a question as to the number of times this committee met it was said that they met only once. We made an effort to meet twice but due to the very small size of the committee and the indisposition of one of the members and to other accidents it was not possible to actually carry on the work of the second sitting of the Committee. But I have to admit with gratitude that the Hon'ble Members of this Committee have always acted like the members of any advisory committee. The members I find took a very keen interest and whenever they met me they had always something to say with regard to the better working of my department. They had

LIBRARY ARCHIVES Kerala Legislative Assembly

always shown me great courtesy and consideration. It say this especially because I am not actually a member of the Committee. Still the courtesy which I have received in the Committee is certainly one which I cannot pass unnoticed.

There is another Committee which I wish to mention has not concluded its labours. That is the Select Committee on the Compulsory Primary Education Bill, the report and whose investigations I hope to subit to you, Sir, in the course of a couple of weeks. We have made considerable progress and it is hoped that before this House meets again in the next session something material would have been attained in giving a final shape to the Bill which is of such great importance for the progress of education in Cochin.

Mr. President, Sir, I find quite a lot of cut motions awaiting to be discussed and if I have tired your patience or the patience of the House by a reiteration of facts or figures which may be quite plain, I must apologise once more and thank you for your toleration. Now, Sir, with your leave, I request the House may be pleased to grant to His Highness' Government a sum of Rs. 16,26,650 under Education.

Motion No. 14.

Mr. K. S. Panickar.—"*To reduce the allotment of Rs. 16,420 for Establishment of Re. 1. To provide proper facilities in the Peringottukara High School for recreation, for taking tiffin and for sports generally.*"

സർ, കൊച്ചീ രാജ്യത്തിലെ ഏറവും ഫലപുഷ്ടിയുള്ള പ്രദേശങ്ങളിൽ ഒട്ടും അപ്രധാനമല്ലാത്ത ഒരു പ്രദേശമാണ് പെരിങ്ങോട്ടുകര. ഉദ്ദേശം ൪൫,൦൦൦-ൽ ചിലപ്പോൾ ജനങ്ങൾ ഉള്ള ആ പ്രദേശത്തിലെ കുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കുന്നതിന് ഒരു ഇംഗ്ലീഷ് പ്രാഥമിക വിദ്യാലയം മാത്രമേ ആദ്യം അവിടെ ഉണ്ടായിരുന്നുള്ളൂ. ഒരു ഹൈസ്കൂളിൽ ഉള്ളിടത്തോളം കുട്ടികൾ ആ പ്രാഥമിക വിദ്യാലയത്തിൽ വിദ്യാഭ്യാസം ചെയ്തിരുന്നു. അതു ഒരു ലോവർ സെക്കണ്ടറി സ്കൂൾ ആക്കിക്കിട്ടുവാൻവേണ്ടി നാട്ടുകാർ വളരെ ഭഗീരഥപ്രയത്നം ചെയ്യേണ്ടിവന്നു. അതിന്റെ ഫലമായി അതു ഒരു ലോവർ സെക്കണ്ടറി സ്കൂൾ ആക്കി. പിന്നീട് അതു ഒരു ഹൈസ്കൂൾ ആക്കണമെന്ന് നാട്ടുകാർ അപേക്ഷിക്കുകയും ആ അപേക്ഷയെ ചവറുകൊട്ടയിൽ തള്ളുകയോ അവ വെറും വനരോദനങ്ങളായി അവസാനിക്കുകയോ ആണ് ഉണ്ടായിട്ടുള്ളത്. ഇവിടെ ഇന്നലെ ഒരു ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ എഴുതുക എഴുതുക വീണ്ടും

LIBRARY ARCHIVES Kerala Legislative Assembly

എഴുതുക എന്നതിനു പകരം ഞങ്ങൾ സ്വീകരിച്ചിട്ടുള്ളത് യാചിക്കുക യാചിക്കുക വീണ്ടും യാചിക്കുക, മുട്ടുക മുട്ടുക വീണ്ടും മുട്ടുക എന്നുള്ള നയമാണ്. അങ്ങിനെ ചെയ്യുമ്പോൾ ഹണ്ടികക്കച്ചവടക്കാരുടെ ഹൃദയംപോലെ കാഠിന്യമേറിയ ഗവൺമെണ്ടിന്റെ ഹൃദയം തളർന്നുപോയി. നാട്ടുകാർ പണം പിരിച്ചെടുത്തു് ഒരു കെട്ടിടമുണ്ടാക്കി ഗവൺമെണ്ടിനെ ഏല്പിച്ചാൽ പ്രസ്തുത Lower Secondary School ഒരു High School ആയി ഉയർത്തി തരാമെന്നാണ് ഗവൺമെണ്ടു് പറഞ്ഞതു്. ഞങ്ങളുടെ നാട്ടുകാരോടു ഗവൺമെണ്ടു് കാണിച്ച ഈ ചിറ്റമ്മ നയത്തെ ഞങ്ങൾ സ്വീകരിച്ചു. ൯൦ ശതമാനവും ദരിദ്രരാണെങ്കിലും നാട്ടുകാരുടെ വകയായി ഒരു കെട്ടിടം ഉണ്ടാക്കി ഗവൺമെണ്ടിനെ ഏല്പിക്കാൻതന്നെ നാട്ടുകാർ തീച്ചയാക്കി. ആ നിലയിൽ സാധുക്കളായ നാട്ടുകാരിൽനിന്നും പിരിച്ചെടുത്തു് ഒരു കെട്ടിടം പണിയിച്ചു് ഗവൺമെണ്ടിനെ ഏല്പിക്കുകയും അതുപ്രകാരം ഞങ്ങൾക്കു് അവിടെ ഹൈസ്കൂൾ തരികയും ചെയ്തു. ഒരു പ്രാഥമിക സ്കൂളിനുണ്ടായിരുന്ന സ്ഥലം പിന്നീടു ഒരു Lower Secondary സ്കൂളിനാക്കുകയും ഒരു ഹൈസ്കൂളാക്കി ഉയർത്തിയിട്ടും കൂടുതൽ സ്ഥലം അതായതു കുട്ടികളുടെ വർദ്ധനയും അത്യാവശ്യവും കണ്ടിട്ടും വാങ്ങി തരുവാൻ ഗവൺമെണ്ടു് സന്നദ്ധമായില്ല.

അവിടെ കുട്ടികളുടെ ഉച്ചനേരത്തെ ഭക്ഷണത്തിനു് യാതൊരു സൗകര്യങ്ങളും ചെയ്തുകൊടുത്തിട്ടില്ല. മാത്രമല്ല Play Ground അല്ലെങ്കിൽ വിനോദങ്ങൾക്കോ കായികാഭ്യാസങ്ങൾക്കോ വേണ്ട സ്ഥല സൗകര്യങ്ങളില്ലായ്കയാൽ ആ കുട്ടികൾ മൃഗശാലയിലെ മൃഗങ്ങളെപ്പോലെ സ്കൂളിനകത്തുതന്നെ ഇരുന്നു കഴിച്ചുകൂട്ടി വരികയാണു ചെയ്യുന്നതു്. അവർക്കു വ്യായാമത്തിനുള്ള യാതൊരു സൌകര്യങ്ങളും അവിടെയില്ല. Latrines കെട്ടീട്ടുള്ളതുതന്നെ സ്കൂളിനു് വളരെ അടുത്താണു്. അതുകളും കുറെ അകലത്തേക്കു മാറ്റി സ്ഥാപിക്കേണ്ടതാണു്. ഇങ്ങിനെയുള്ള ബുദ്ധിമുട്ടുകളെ പരിഹരിയ്ക്കുമാറു് കുറച്ചു സ്ഥലം ഗവൺമെണ്ടിൽനിന്നും വിലയ്ക്കു വാങ്ങി അവർക്കു ഒരു പ്ലെ ഗ്രൗണ്ടു് ഉണ്ടാക്കിക്കൊടുക്കേണ്ടതാണു്. സാധാരണയായി റവന്യൂ ഡിപ്പാർട്ടുമെണ്ടിലേയ്ക്കു മറ്റു പ്രദേശക്കാർ കൊടുത്തുവരുന്ന നികുതി മുതലായ ആദായങ്ങൾക്കു പുറമെ പ്രത്യേകമായി പെരിങ്ങോട്ടുകര നിവാസികൾ ഗവൺമെണ്ടിലേയ്ക്കു് മറെറാരിനത്തിൽ അതായതു മദ്യവ്യവസായത്തിൽ കൊടുത്തുവരുന്ന തുക ഏറ്റവും ഭീമമായ ഒരു സംഖ്യയാണു്. അതിനെ ഓർത്തിട്ടെങ്കിലും ഈ നാട്ടുകാരുടെ ഏറ്റവും പരിമിതമായ ഈ യാചനയെ നിരാകരിക്കാത്തതരണമെന്നാണു ഞാൻ അപേക്ഷിയ്ക്കുന്നതു്.

ഇതിലേയ്ക്കു് ഒരു വലിയ പ്രസംഗത്തിന്റെ ആവശ്യമൊന്നും ഉണ്ടെന്നു തോന്നുന്നില്ല. ഇതു് അത്യന്താപേക്ഷിതമായ ഒരു കാര്യമാ

LIBRARY ARCHIVES Kerala Legislative Assembly

ണെന്ന് ഡിപ്പാർട്ടമെണ്ടു് മേലദ്ധ്യക്ഷൻ ഇതിനുമുമ്പുതന്നെ സമ്മതിച്ചിട്ടുള്ളതാണു്. ഗവമ്മെണ്ടു സമ്മതിക്കുക മാത്രമേ ചെയ്യേണ്ടതുള്ളൂ. മറ്റു പല സ്ഥലങ്ങളിലേയും ഹൈസ്കൂളുകൾക്കു് അതാതു നാട്ടുകാർ കെട്ടിടം പണിയിച്ചു കൊടുത്തിട്ടുണ്ടോ? ഞങ്ങൾ 1100-ത്തിൽ പരം ഉറുപ്പികയുടെ കെട്ടിടം പണിയിച്ചു കൊടുത്തിട്ടും ആ സ്കൂളിന്നാവശ്യമായ സ്ഥലം വാങ്ങി കൊടുക്കുകയില്ലെന്നു പറയുവാൻ ഉത്തരവാദിത്വബോധത്തോടുകൂടിയ ഒരു ഗവമ്മെണ്ടു മുതിരുകയില്ല. അതുകൊണ്ടു് ഈ സംഗതി ഉടനെ ഗവമ്മെണ്ടു് സ്വീകരിക്കുമെന്നു് എനിയ്ക്കു പൂർണ്ണവിശ്വാസമുണ്ടു്. എല്ലാ നാട്ടുകാർക്കും ഗവമ്മെണ്ടിൽനിന്നും ഇങ്ങിനെയുള്ള പല സഹായങ്ങളും ചെയ്തുകൊടുത്തുവരുന്നുണ്ടു്. എറണാകുളം, തൃശ്ശൂർ മുതലായ പട്ടണങ്ങളിൽ വൈദ്യുതീകരണം മാത്രമല്ല വിശേഷതരമായ വായനശാല മുതലായതുകൂടി ഏറ്റവും പ്രശസ്തമായ നിലയിൽ അഭിവൃദ്ധിപ്പെടുത്തി നടത്തുവാൻ പോകുന്നുണ്ടു്. അതും ആവശ്യമാണെന്നു ഞങ്ങൾ സമ്മതിക്കുന്നു. എന്നാൽ അതുപോലെയുള്ള സംഗതികളെക്കുറിച്ചല്ല ഞങ്ങളിവിടെ ആവശ്യപ്പെടുന്നതു്. പെരിങ്ങോട്ടുകര സ്കൂളിനെ സംബന്ധിച്ചിടത്തോളം സ്കൂൾ കുട്ടികൾക്കു ഏറ്റവും അത്യന്താപേക്ഷിതമായ ഉച്ചനേരത്തെ ഭക്ഷണം കഴിയ്ക്കുവാൻവേണ്ടി ഒരു ചെറിയ മുറി അവർക്കുണ്ടാക്കി കൊടുക്കുകയും, ഫുട്ബാളോ, ബാറുമെൻറനോ കളിയ്ക്കുവാൻവേണ്ടി ഒരു ചെറിയ സ്ഥലമെങ്കിലും ഗവമ്മെണ്ടിൽനിന്നും വിലയ്ക്കു വാങ്ങിയ്ക്കുകയും Latrines സ്കൂൾ കെട്ടിടങ്ങളുടെ അരികത്തുനിന്നും കുറെ അകലേക്കു മാറ്റി പണിയിച്ചു കൂടുതൽ സൌകര്യം ഉണ്ടാക്കിത്തരികയും ചെയ്യണമെന്നുള്ള എന്റെ ഏറ്റവും മിതമായ, ഏറ്റവും എളിയ ഈ അപേക്ഷയെ ഗവമ്മെണ്ടിന്റെ മുമ്പാകെ കൊണ്ടുവന്നിട്ട ആ അപേക്ഷയെ ഗവമ്മെണ്ടു് നിഷ്കരുണം തള്ളിക്കളയുമെന്നുള്ള പൂർണ്ണവിശ്വാസം എനിക്കില്ല. അതുകൊണ്ടു് ഈ അപേക്ഷയെ സ്വീകരിച്ചു ഗവമ്മെണ്ടിൽനിന്നും വേണ്ടതു ചെയ്തുകൊടുത്താൽ വളരെ ഉപകാരമായിരിയ്ക്കും. ഈ സംഗതി ഗവമ്മെണ്ടിനെ ധരിപ്പിയ്ക്കുവാനാണു് ഞാൻ ഈ ഉപക്ഷേപം ഇവിടെ അവതരിപ്പിയ്ക്കുന്നതു്. ഏറ്റവും ആവശ്യവും ഏറ്റവും ന്യായവും മിതവുമായ എന്റെ ഈ അപേക്ഷയെ ഈ സഭ സഭയം സ്വീകരിച്ചു ഐകകണ്ഠ്യമായി പാസ്സാക്കുകയും ഇതിനുള്ള സംഖ്യ ഈ കൊല്ലംതന്നെ ഗവമ്മെണ്ടു അനുവദിയ്ക്കുകയും ചെയ്യണമെന്നപേക്ഷിച്ചുകൊണ്ടു ഞാൻ ഈ ഉപക്ഷേപം അവതരിപ്പിച്ചുകൊള്ളുന്നു.

Rao Sahib I. N. Menon.—Sir, as I said in the course of my speech just a few minutes ago, it is very unforunate that agreement on principle never seems to satisfy any one. I do admit and the Government admit that this is one of the needs which has been brought persistently to the notice of the

LIBRARY ARCHIVES Kerala Legislative Assembly

Government, and Government have made two efforts, if I remember right, in that direction. But as I pointed out, unfortunately this item has to take its place along with other items in the order of urgency. I can only assure the Hon'ble Member that efforts will again be made by Government to provide this item of work as quickly as possible. I may at the same time draw the attention of the Member to a similar cut motion in respect of extension of play grounds for the High School at Narakkal. As I said the demand for quantity is so great that at times we have been compelled to take up one by one all the needs; and in this process some schools are obliged to wait till the needs of other schools are satisfied. I would assure the Hon'ble Member on behalf of Government that every effort will be made to give this matter their urgent consideration consistent with the needs similar, rather, of this as well as other schools.

Motion was, by leave, withdrawn.

Motion No. 15.

Mr. A. V. Moothedan.—"*To reduce the allotment of Rs. 16,420 for establishment by rupee 1. To request the Government to start village libraries at Chalakkudi, Pariyaram, Kallettumkara and Meloor in the first instance.*"

Sir, since there is no quarrel about the utility of starting village libraries, I have to say only one word. As the Hon'ble Member for Education said yesterday there are 24 village libraries and in my constituency there are 15 villages and in extent it is bigger than the Kanayannur Taluk. But there is not a single library there. I think it is a little unfair to my constituency, and therefore I request the Hon'ble Member for Education to start one or two at least in my constituency.

Rao Sahib I. N. Menon. If the Hon'ble Member means that any invidious distinction has been made towards his constituency, I don't agree. The Hon'ble Member will realise that this experiment of opening village libraries was started in right earnest only in the beginning of this year, and I can assure the Hon'ble Member that at least the claims of one of these villages will be considered next year.

Motion was, by leave, withdrawn.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. എസ്സ്. പണിക്കർ.— സർ, "മാങ്ങാട്ടകര വിജയരാഘവാചാരി സ്മൃതിഭരണം ഗവമ്മെണ്ടു് ഏറെറടുത്തു നടത്തേണ്ട ആവശ്യകതയെപ്പററി ഗവമ്മെണ്ടിനെ ധരിപ്പിക്കുവാൻ" ഞാൻ ഒരു ഉപക്ഷേപം ടേബിൾചെയ്തിട്ടണ്ടു്. മാങ്ങാട്ടകര വിജയരാഘവാചാരി മെമ്മോറിയൽ സ്കൂൾ എന്നു പറയുന്നതു് ഏകദേശം ന്യൂറു കുട്ടികളോളം പഠിച്ചുവരുന്ന ഒരു സ്കൂളാണു്. ആ സ്കൂൾ മാനേജുമെൻറിൽ നടത്തിവരുന്നതാണു്. അതു് ആദ്യം തുടങ്ങിയപ്പോൾ അവിടെയുള്ള സാധുവിദ്യാർത്ഥികൾക്കെല്ലാം ഉച്ചനേരത്തെ ഭക്ഷണം സ്ലേറു, പുസ്തകങ്ങൾ മുതലായവ ഉദാരമതിയായ മാനേജർ സൌജന്യമായി കൊടുത്തുവന്നിരുന്നു. മാസ്റ്റർമാക്കെല്ലാം മാസംതികയുമ്പോൾ ഷെഡ്യൂൾപ്രകാരമുള്ള അവരുടെ ശമ്പളം മാനേജർ മുൻക്രൂർ കയ്യാൽ ശരിയ്ക്കു കൊടുക്കാറുമുണ്ടായിരുന്നു. കുറെ കഴിഞ്ഞപ്പോൾ ചിലവു വർദ്ധിച്ചുവരികയും തന്മൂലം ഗവമ്മെണ്ടിൽനിന്നും അനുവദിച്ചുകിട്ടുന്ന സംഖ്യ മാസംതികയുമ്പോൾ ബിൽ പാസ്സായിവരുന്നതിനെ കാക്കാതെതന്നെ മുൻനടപടിപ്രകാരം മുൻക്രൂറായി കൊടുത്തുതുടങ്ങുകയും ചെയ്തു. കാലക്ഷാമം ബാധിച്ചുതുടങ്ങുകയാൽ ഇതിനേക്കാൾ ഔദാര്യം പ്രവൃത്തിക്കുന്നതു പ്രയാസമാണെന്നു മാനേജർ അദ്ധ്യാപകന്മാരോടു പറയുകയുംചെയ്തു. അദ്ധ്യാപകന്മാർ അതു സസന്തോഷം സമ്മതിക്കയും ചെയ്തു. ഇതിനു പുറമെ സ്കൂൾ കെട്ടിടമേച്ചിൽ മുതലായ സംരക്ഷണപ്പണികൾ സ്റ്റേഷനറി, സ്റ്റാമ്പ് മുതലായ ചിലവുകൾ മാനേജർതന്നെ വഹിച്ചുവരികയും ചെയ്തുവരുന്നു. അതിനു ശേഷം ക്ഷാമം മൂർദ്ധന്യദശയിൽ എത്തുകയാൽ മേലാൽ അദ്ധ്യാപകന്മാരുടെ ശമ്പളം മുൻക്രൂർ എടുക്കാൻ നിവൃത്തിയില്ലെന്നും ബിൽ പാസ്സായിവന്നാൽ അനുവദിച്ചുവരുന്ന സംഖ്യമാത്രം അനുവദിച്ചുവരുമ്പോൾ മാത്രമേ കൊടുക്കാൻ സാധിക്കയുള്ളൂവെന്നും എന്നാൽ കെട്ടിടമേച്ചിൽ മുതലായ മററുപലവക ചിലവുകൾ മാനേജർതന്നെ വഹിച്ചുകൊള്ളാമെന്നും മാനേജർ അദ്ധ്യാപകന്മാരെ അറിയിക്കുകയും അതുപ്രകാരം നടത്തിത്തുടങ്ങുകയും എന്നാൽ കുറെ കഴിഞ്ഞപ്പോൾ ആ സ്കൂളിലെ കൃത്യതിവീരനായ ഒരു അദ്ധ്യാപകൻ ശമ്പളം മുൻക്രൂർ കൊടുക്കാതെ ബിൽ ഒപ്പിടുകയില്ലെന്നു ശഠിക്കയാൽ തന്മൂലം സ്കൂളിന്നു ദോഷം നേരിടാതിരിക്കണമെന്ന സദുദ്ദേശത്തോടും വകുപ്പധ്യക്ഷന്റെ ഉപദേശം അനുസരിച്ചും സ്കൂൾ ഭരണം താല്കാലികമായി അദ്ധ്യാപകന്മാർക്കു വിട്ടുകൊടുക്കയുമാണുണ്ടായതു്. എന്നിട്ടും കൃത്യതിവീരനായ ആ അദ്ധ്യാപകന്റെ കൃത്യതിയ്ക്കും അധികപ്രസംഗത്തിന്നും ഒരു അന്തരവും ഉണ്ടായിട്ടില്ല. ആദ്യം മാനേജരോടു കാണിച്ചിരുന്ന ആ ഔന്നത്യവും കൃത്യതിയും അദ്ദേഹം തുടർന്നുകൊണ്ടുതന്നെയിരുന്നു. കുട്ടികളെ അതികഠിനമായി ശിക്ഷിക്കുന്നതിൽ അഗ്രഗണ്യനായ പ്രസ്തുത അദ്ധ്യാപകന്റെമേൽ രക്ഷകർത്താക്കളുടെ ആക്ഷേപം പലപ്പോഴും ഉണ്ടായിക്കൊണ്ടിരിക്കയാൽ ഹെഡ് മാസ്റ്റർ അദ്ദേഹ

LIBRARY ARCHIVES Kerala Legislative Assembly

ത്തോട്ട അധികാരസ്ഥരത്തിൽ താക്കീതു നൽകാൻ തുടങ്ങി. ഇതു സംബന്ധിച്ചു് ഡിപ്പാർട്ടുമെണ്ടിലേക്കയക്കുന്ന ആക്ഷേപങ്ങൾ അധികൃതന്മാർ അമർത്തുവാൻ തുടങ്ങിയതോടുകൂടി പ്രസ്തുത അദ്ധ്യാപകന്റെ ഉദ്ദേശികാരവും വർദ്ധിച്ചുവന്നു. തന്മൂലം അദ്ധ്യാപകന്മാർ തമ്മിലും ഐക്യമില്ലാതായി. ഇങ്ങിനെ തുടർന്നുകൊണ്ടുപോകുന്നതായാൽ ആ പ്രദേശക്കാക്കു ഏറ്റവും പ്രയോജനകരമായ പ്രസ്തുത സ്കൂൾ നാമാവശേഷമാവാൻ എളുപ്പമായി കാണുന്നു. അനവധി വിദ്യാർത്ഥിനിവിദ്യാർത്ഥികളുള്ള പ്രസ്തുത സ്കൂൾ ഇപ്പോൾ മാസ്റ്റർമാരെക്കൊണ്ടും ശരിയ്ക്കു നടത്തുവാൻ പ്രയാസമായിതീർന്നിട്ടുണ്ടു്. ഇത്രയധികം കുട്ടികളുള്ള പ്രസ്തുത സ്കൂൾ നശിപ്പിച്ചുകളയാതിരിയ്ക്കുവാൻ വേണ്ടി ഗവൺമെൻറിൽനിന്നുതന്നെ അതു് ഏറ്റെടുത്തു നടത്തണമെന്നാണു ഞാൻ ആവശ്യപ്പെടുന്നതു്. ഇപ്രകാരമുള്ള സ്കൂളുകളെല്ലാം ഗവൺമെൻറു് ഏറ്റെടുത്തു നടത്താമെന്നുള്ളതാണു് ഗവൺമെൻറിന്റെ നയമെന്നു ഗവൺമെണ്ടു പലപ്പോഴും പ്രസ്താവിച്ചിട്ടുമുണ്ടു്. അതനുസരിച്ചു ഈ സ്കൂൾ ഗവൺമെൻറു് ഏറ്റെടുത്തു നടത്തണമെന്നാണു് ഞാൻ ആവശ്യപ്പെടുന്നതു്. ഇങ്ങിനെ എല്ലാംകൊണ്ടും പ്രാധാന്യവും അർഹതയുമുള്ള സ്കൂളുകൾ ഗവൺമെണ്ടിലേക്കെടുക്കുന്ന കാര്യത്തിൽ ഒട്ടും ഔദാസീന്യമോ മറ്റൊരു കാണിക്കരുതു്. എന്നാൽ ഇപ്പോൾ അഡൈവസറി ബോർഡിന്റെ അഭിപ്രായത്തോടുകൂടി മാത്രമേ ഇങ്ങിനെയുള്ള സ്കൂളുകളെല്ലാം ഗവൺമെണ്ടിലേയ്ക്കു് എടുത്തുവരുന്നുള്ളൂ എന്നു അറിയുന്നതുകൊണ്ടു് ഇതു് ഇവിടെ അവതരിപ്പിക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല. അഡൈവസറി കമ്മറിയുടേയും വകുപ്പദ്ധ്യക്ഷന്റേയും ശുപാർശകളെ തീരെ നിരസിച്ചു ഗവൺമെണ്ടിന്റെ സ്വയാധികാരം ഉപയോഗിച്ചു അത്യന്താപേക്ഷിതമല്ലാത്ത അനർഹമായ ചില സ്കൂളുകൾ ഗവൺമെണ്ടിലേക്കെടുക്കുന്നുണ്ടെങ്കിലും മിനിസ്റ്റർമാക്കു പകരമായി നിയമിച്ചിട്ടുള്ള ഉപദേശകക്കമ്മിറ്റിക്കു ഗവൺമെണ്ടു് വില കല്പിച്ചിട്ടില്ലെങ്കിലും ഞങ്ങൾ വില കല്പിക്കുകതന്നെയാണു് ചെയ്യുന്നതു്. അതുകൊണ്ടാണു് ഉപദേശകക്കമ്മിറ്റിമൂലം നിർവഹിക്കാമെന്നു കരുതുന്നതു്. അതുകൊണ്ടു് ഞാൻ ഈ ഉപക്ഷേപം ഇപ്പോൾ ഇവിടെ അവതരിപ്പിയ്ക്കുന്നില്ല.

Motion No 16.

Mr. Popatlal Goverdhan Lalan.—"*To reduce the allotment of Rs. 59,726 for direction and inspection by Re. 1. To request the Government to bring about changes in the matter of prescribing new books every year*".

* സർ, വിദ്യാർത്ഥികൾക്കു വർഷംതോറും പുതിയ പുതിയ ടെക്സ്റ്റു പുസ്തകങ്ങൾ വാങ്ങിക്കേണ്ടതാണെന്നുള്ള ഒരു ഏർപ്പാടു് നമ്മുടെ സ്റ്റോറിൽ നടപ്പിലിരിക്കുന്നതുനിമിത്തം അവർ വളരെ കഷ്ടത്തിലാ

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

യിട്ടുണ്ട്. ഇക്കൊല്ലം ഒരു കുട്ടിക്കു കുറെ പുസ്തകങ്ങൾ വാങ്ങിച്ചാൽ അടുത്ത കൊല്ലമാകുമ്പോൾ അവ അയാളുടെ സഹോദരങ്ങൾക്കോ മറ്റുള്ള കുട്ടികൾക്കോ പഠിയ്ക്കുവാൻ തീരെ ഉപകാരമില്ലാത്തവയായിതീരുന്നതുകൊണ്ട് സാധുക്കൾക്കു വിദ്യാഭ്യാസം ചെയ്യുന്നതിനു വളരെ ബുദ്ധിമുട്ടായി തീർന്നിരിയ്ക്കുന്നു. ഇപ്രകാരം കൊല്ലംതോറും പുസ്തകങ്ങൾ മാറി മാറി അച്ചടിപ്പിച്ചുവരുന്നതു് കുട്ടികൾക്കു പഠിയ്ക്കേണ്ടിവരുമ്പോൾ അവക്ക് ബുദ്ധിമുട്ട കുട്ടികയല്ലാതെ അതുവഴി അവരുടെ ബുദ്ധിയോ സാമർത്ഥ്യമോ കൂടുതലായുണ്ടാകുന്ന ഒരു അനുഭവം വളരെ കുറവാണ്. അവക്ക് ബുദ്ധിയും സാമർത്ഥ്യവും വർദ്ധിച്ചുവരത്തക്കവിധത്തിലുള്ള പാഠപുസ്തകളായിരുന്നുവെങ്കിൽ അതു വളരെ ഉപകാരപ്രദമാകുമായിരുന്നു. അതില്ലാത്ത സ്ഥിതിയ്ക്ക് ഈ ക്ഷാമകാലത്തു് എന്താവശ്യങ്ങൾക്കാണ് ഇങ്ങിനെ വിദ്യാർത്ഥികളെ കഷ്ടപ്പെടുത്തുന്നതെന്നാണു ഞാൻ ചോദിയ്ക്കുന്നതു്.

അതുകൊണ്ട് ഗവർമ്മെണ്ടു ദയവുചെയ്ത് ഈ കാര്യത്തിൽ പ്രത്യേകം ശ്രദ്ധവെച്ചു കൊല്ലംതോറും പാഠപുസ്തകങ്ങൾ മാറുന്ന സമ്പ്രദായത്തെ മാറ്റി, അഞ്ചോ ആറോ കൊല്ലം കഴിയുമ്പോൾ മാറുക എന്നുള്ള ലിമിറ്റുവെച്ചുകൊണ്ടു ചെയ്യണമെന്നാപേക്ഷിയ്ക്കുവാനാണ് ഞാൻ ഈ കട്ടമോഷൻ കൊണ്ടുവന്നിട്ടുള്ളതു്.

Mr. M. V. Cherian. Sir, on a point of information, may I know whether the text books are being changed year by year or in 3 years?

Rao Sahib I. N. Menon. In the case of text books for public examination classes like the School Final, the Malayalam and the English books have to be changed every year. That is the rule of the University which we adopt here also. With regard to the other classes, the minimum period is 3 years. In quite a large number of cases it is 5 years.

മിസ്റ്റർ പോപ്പുറ്റ്ലാൽ ഗോവർദ്ധനലാലൻ.— ഇപ്പോൾ പറഞ്ഞ തരത്തിൽതന്നെ ഗവർമ്മെണ്ടു നടത്തുവാൻ തീച്ചയാക്കീട്ടുണ്ടെങ്കിൽ ഞാൻ ഇതിനെ പ്രസ്സുചെയ്യണമെന്നു വിചാരിയ്ക്കുന്നില്ല.

Motion was, by leave, withdrawn.

Motion No. 17.

Mr. K. S. Panickar.— "*To reduce the allotment of Rs. 59,726 for Direction and Inspection by Re. 1* സെക്കണ്ടറി വിദ്യാഭ്യാസത്തിനു ഇപ്പോൾ പിരിച്ചുവരുന്ന ഫീസ്സ് ൫൦ ശതമാനം കുറയ്ക്കുകയും പ്രാഥമിക വിദ്യാഭ്യാസം ഇംഗ്ലീഷോടുകൂടി സൌജന്യമായും സാ

LIBRARY ARCHIVES Kerala Legislative Assembly

മാന്യമായും നൽകേണ്ട ആവശ്യകതയേയും പ്രാഥമിക വിദ്യാഭ്യാസത്തിന് ക്ലേശതൽ ശ്രദ്ധപതിക്കേണ്ട ആവശ്യകതയും ഗവമ്മെണ്ടിനെ ധരിപ്പിക്കുവാൻ." എന്നാണ് എന്റെ ഉപക്ഷേപത്തിൽ പറഞ്ഞിരിക്കുന്നത്. ഇതിലെ ചില ഭാഗങ്ങൾ ഞാൻ പിൻവലിയ്ക്കുകയാണു ചെയ്യുന്നത്. ഇതിൽ ഏറ ശതമാനമെന്നുള്ളതു് ഒര ശതമാനമാക്കിയും, പ്രാഥമിക വിദ്യാഭ്യാസത്തെ സംബന്ധിയ്ക്കുന്ന ഭാഗങ്ങൾ മുഴവൻ എടുത്തുകളഞ്ഞും ബാക്കിയുള്ള ഭാഗം മാത്രം അവതരിപ്പിയ്ക്കുവാൻ അനുവദിയ്ക്കണമെന്നാപേക്ഷിയ്ക്കുന്നു.

Mr. President.— Yes.

മിസ്റ്റർ കെ. എസ്സ്. പണിക്കർ.— സർ, വിദ്യാഭ്യാസം അവശ സമുദായങ്ങളെ സംബന്ധിച്ചിടത്തോളം കുറച്ചു കാലമായിട്ടാണു കിട്ടിവരുന്നതു്. വിദ്യാഭ്യാസത്തിനു ഞങ്ങൾക്കു സൌകര്യമില്ലാതിരുന്ന പല വിദ്യാലയങ്ങളും ഈ കൊച്ചീരാജ്യത്തുണ്ടായിരുന്നു. സർ ടി. വിജയരാഘവാചാരി ഇവിടെ ദിവാൻജിയായി വന്നപ്പോൾ അദ്ദേഹം അവശസമുദായങ്ങൾക്കു വിദ്യാഭ്യാസത്തിനു വേണ്ട പ്രോത്സാഹനം നൽകുകയുണ്ടായി. എന്നാൽ വിദ്യാലയങ്ങളിൽപോയി പഠിയ്ക്കുവാനുള്ള വാസന ഈ സമുദായങ്ങളിൽ ഒരുവിധം ഉണ്ടായപ്പോൾ സാമ്പത്തികാധഃപതനം മൂലം ഫീസ് കൊടുത്തു പഠിയ്ക്കുവാൻ നിവൃത്തിയില്ലാതെയായി. ഇന്നത്തെ നിലയ്ക്കു വിദ്യാഭ്യാസം നിന്നില്ലെങ്കിൽ കൂലിവേലയെങ്കിലും മറെറാരു ജോലിക്കും പറ്റുകയില്ല. ഇപ്പോൾ സ്ക്രൂപ്പീസ്സ് കൊല്ലംതോറും വർദ്ധിച്ചു വർദ്ധിച്ചാണു വരുന്നതു്. ഒരു കുടുംബത്തിലെ ആകെയുള്ള വരവിന്റെ ൪൦% ആ വീട്ടിലെ വിദ്യാഭ്യാസത്തിനുവേണ്ടിയാണു ചിലവാകുന്നതെന്നു് ആ വീട്ടിലെ ശരിയായ ഒരു ബഡ്ജറു തയ്യാറാക്കി നോക്കിയാൽ കാണാം.

ഇതുകൂടാതെ ജനങ്ങൾക്കു വിദ്യാഭ്യാസം ചെയ്യുന്ന കാര്യത്തിൽ മറെറാരു അസൌകര്യവുംകൂടിയുണ്ടു്. ബഹുമാനപ്പെട്ട മട്ടാഞ്ചേരി മെമ്പർ പറഞ്ഞതുപോലെ പാഠപുസ്തകങ്ങൾ കൊല്ലന്തോറും മാറിക്കൊണ്ടിരിക്കയാണു്. ഇക്കൊല്ലത്തെ പുസ്തകത്തിൽ ചില വ്യത്യാസങ്ങളെല്ലാം വരുത്തിയും, അടുത്തകൊല്ലമാകുമ്പോൾ ഗ്രന്ഥകർത്താവിന്റെ പേരുമാറിയും, അച്ചടിപ്പിക്കുന്നു! അതിലെ വാചകങ്ങൾക്കോ, വിഷയങ്ങൾക്കോ യാതൊരു വ്യത്യാസവുമില്ല!! ഇങ്ങിനെയുള്ള അനാവശ്യച്ചിലവുകൾ വരുത്തിയും ജനങ്ങളെ വളരെ ബുദ്ധിമുട്ടിക്കുന്നുണ്ടു്. ഫീസിൽ ൫൹% കുറച്ചാൽ സാധുക്കൾക്കു അവരുടെ കുട്ടികളെ വിദ്യാഭ്യാസം ചെയ്യിയ്ക്കുവാൻ കുറേക്കൂടി സൌകര്യമായിരിയ്ക്കും. ഗവമ്മെൻറിൽനിന്നും പല സഹായങ്ങളും സാധുക്കൾക്കുവേണ്ടി ചെയ്യുന്ന കൂട്ടത്തിൽ അവയിൽ ഒട്ടും അപ്രധാനമല്ലാത്ത ഈ വിഷയത്തിൽ പ്രത്യേകം ശ്രദ്ധിക്കണമെന്നാണു ഞാൻ പറയുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

കഴിഞ്ഞ ബഡ്ജറ്റു യോഗത്തിൽ ബഹുമാനപ്പെട്ട മുളങ്കുന്നത്തുകാവു മെമ്പർ വിദ്യാഭ്യാസ വിഷയത്തിൽ ഫീസു കുറയ്ക്കേണ്ടതിനെപ്പറ്റി ഒരു ഉപക്ഷേപം കൊണ്ടുവന്നതായി എനിയ്ക്കറിയാം. ഇതു വളരെക്കാലമായി ഈ നിയമസഭയിൽ മുറവിളി കൂട്ടിക്കൊണ്ടിരിയ്ക്കുന്ന ഒരു വിഷയവുമാണ്. ഈ അവസരത്തിൽ ഗവമ്മെണ്ടിന് ഇതു സ്വീകരിയ്ക്കുവാൻ വിരോധമുണ്ടാകുമെന്നു എനിയ്ക്കു തോന്നുന്നില്ല. വിദ്യാഭ്യാസവകുപ്പിലേക്കു പതിവനുസരിച്ചു വെക്കാവുള്ള സംഖ്യയിൽനിന്നും വലിയൊരു സംഖ്യ കുറച്ചിട്ടുള്ളതു ഇതിലേക്കുതന്നെ വിനിയോഗിക്കുകയും വേണം. അതുകൊണ്ടു ഗവമ്മെൻറു ഈ ഉപക്ഷേപത്തെ സ്വീകരിയ്ക്കണമെന്നും, അനുദ്യോഗസ്ഥ സാമാജികന്മാരെല്ലാം ഇതിനൊട്ടു അനുകൂലിയ്ക്കണമെന്നുമാണു ഞാൻ പറയുന്നതു. സംഗതികൾ വ്യക്തമാകയാൽ ഇതിനെ സംബന്ധിച്ചു് അധികമൊന്നും പറയണമെന്നു ഞാൻ വിചാരിയ്ക്കുന്നില്ല. ഈ ഉപക്ഷേപം ഞാൻ ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു.

Mr. P. Kumaran Ezhuthassan.—Mr. President, Sir, In supporting this proposition I wish to place before the House one aspect, viz., that instead of the two flat rates of Rs. 3 for the lower secondary classes and Rs. 5-4-0 for the Upper Secondary classes if the Government can find its way to have graded rates of fees as before for the different classes of the Secondary department that will go a great way in relieving the poor parents. Secondary education has become almost a necessity. If the Government will be pleased to reduce the incidence of School fees it will be a very great relief to the poor parents. I am sure this aspect of the case will be considered by the Government favourably and remission in fees granted accordingly.

Mr. A. Narayana Menon.—Sir, I have tabled cut motion No. 25 on the lines of the speech just delivered by my friend Mr. Ezhuthassan. I submit, if the fees for the different classes are graded on a sliding scale there will not be much loss for the Government, because there will be more admissions to the various classes. Now, on account of the high rate of fees from 12 annas in the 4th class we have all on a sudden to pay Rs. 3 for the First form. On account of the high jump so many parents are compelled to stop the studies of their children as soon as they pass the 4th class examination. In our days the rates were fixed according to the forms. In the 1st form I was paying Re. 1, in the second form Rs. 1-8-0, in the third form Rs. 2 and so on. I do not say that you should cut down the fees to that level. If there is a sliding gradation

LIBRARY ARCHIVES Kerala Legislative Assembly

there will be a tendency for more pupils to come and so there will not be any financial loss to the Government. The Code permits a maximum number of 50 students to be admitted in one class; so there will not be much increase expenses for the staff. When all things are considered it will be found to be a relief to the parents and at the same time it will not be a great drain on the Government revenue. So I request the Government to view the whole matter and give us a satisfactory solution of the question.

Rao Sahib I. N. Menon.—Sir, there seems to be practically two propositions before this House, one for substituting for a flat rate of fees a graded scale and the other, the remission of 25 per cent in the scale of fees in all the classes. There is no question of principle involved and this is a question of relief and as such I have to look at the probable change it might produce in our income.

Mr. President, the Hon'ble Members have already laid great stress on the need for educational expansion and also for the increase of educational expenditure. If at the same time we try to cut down the Government income by a simultaneous proposition for the reduction of fees.....

Mr. P. Govinda Menon.—More students will come in.

Rao Sahib I. N. Menon.—That means more accommodation and more equipment as well. That means more expenditure.

I do not, Sir, wish to give a categorical answer to this question, as the Hon'ble Finance Member said the other day with reference to a similar question. We must first study the repurcussions this will have on the general revenues of this Department, how it is going to affect it. But the Hon'ble Members who spoke on this cut motion will please see that there is a prima facie case for not resorting to a simultaneous introduction of both these processes of increasing the expenditure and cutting down the income. In addition to this, at any rate, some Members who worked with me in the Select Committee in connection with the Elementary Education Bill will realise what the attitude of the public is towards an additional taxation. I would suggest, therefore, that it is not possible now for the Government to say whether they can forego any portion of their income in view of the commitments which have already been undertaken and in view of the additional commitment which they may have to undertake as

LIBRARY ARCHIVES Kerala Legislative Assembly

a result of the introduction of compulsion. Of course, Hon'ble Members will realise that there is, as I said, obvious reasonableness in he position taken by the Government in this matter. I would on behalf of the Government assure the Hon'ble Members of this House that I would first ask for time to go into these proposals, work out actual figures and find out how this is going to affect the revenues of the State. So that I am sorry that I cannot give any kind of assurance either on the cut motion tabled by the Hon'ble Member for North Ezhuvas or by the Hon'ble Member for Vyttila beyond expressing the general readiness of the Government to co-operate with Members on the other side of the House in any scheme of welfare or of relief.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. എസ്സ്. പണിക്കർ.— ഗവമ്മെണ്ടിനു കച്ചവടത്തെപ്പററി അറിവില്ലാത്തതുകൊണ്ടാണു ഇങ്ങിനെയുള്ള മറുപടി തന്നതെന്നു ഞാൻ വിചാരിയ്ക്കുന്നു. ഒരു നെല്ലുകച്ചവടക്കാരൻ ഒരു പറ നെല്ലിനു ഒരണവീതം ലാഭമെടുക്കുകയും മറെറാരുത്തൻ ഒരു പറ നെല്ലിനു ഒരു പൈ വീതം ലാഭമെടുക്കുകയും ചെയ്യുന്നു. എന്നാൽ കൊല്ലാവസാനത്തിൽ കണക്കെടുക്കുമ്പോൾ ഒരു പൈ വീതം ആദായമെടുത്ത കച്ചവടക്കാരനാണു കൂടുതൽ ആദായം കിട്ടീട്ടുള്ളതായി കാണുന്നതു്. അതുപോലെതന്നെ ഫീസു കുറച്ചാൽ കൂടുതൽ ധാരാളമായി വന്നു ചേരും.

മിസ്റ്റർ ടി. കെ. നായർ.— അക്കാമഡേഷനു പണമില്ല എന്നാണു പറയുന്നതു്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ.— ഫീസ്സു കുറച്ചാൽ കൂടുതൽ ധാരളമുണ്ടാകും. അപ്പോൾ വരവും ധാരാളം വർദ്ധിക്കും. അങ്ങിനെ വർദ്ധിക്കുന്ന സംഖ്യ accommodation നു് ചിലവു ചെയ്യാവുന്നതാണല്ലോ. അതുകൊണ്ടു് ആ വകയിൽ ഗവമ്മെണ്ടിനു നഷ്ടം വരുകയില്ല. അഥവാ കുറച്ചു കൂടുതൽ ചിലവു വരുന്നുണ്ടെങ്കിൽതന്നെ അതു് അതിഥി സൽക്കാരങ്ങൾക്കോ സക്കീട്ട ചിലവിനോ അല്ലെല്ലോ? വിദ്യാഭ്യാസ വിഷയത്തിലേക്കാണെന്നു ആശ്വസിക്കട്ടെ.

പിന്നെ കെട്ടിടം വേണം എന്നുള്ള കാര്യമാണു് ആലോചിയ്ക്കുവാനുള്ളതു്. ചില സ്ഥലങ്ങളിലെല്ലാം നാട്ടുകാർതന്നെ ശ്രമംചെയ്തു കെട്ടിടങ്ങൾ ഉണ്ടാക്കുന്നുണ്ടു്. ദിവാൻജിയവർകളുടെ പ്രസംഗത്തിൽ പറഞ്ഞിരിയ്ക്കുന്നതു് പൊതുക്കാര്യങ്ങൾക്കു നാട്ടുകാർ എന്തെങ്കിലും ഒരു സംഖ്യ Contribute ചെയ്യുന്നതായാൽ ബാക്കി ഗവമ്മെണ്ടിൽനിന്നൊട്ടു മുഴുപ്പിക്കാമെന്നാണു്. കെട്ടിടം കെട്ടേണ്ടതായിവരുന്ന സ്ഥലങ്ങളിൽ നാട്ടുകാരെക്കൊണ്ടു സാധിക്കുന്നതു നാട്ടുകാരും ബാക്കി വേണ്ടിവരുന്ന സംഖ്യ മുഴുവനും ഗവമ്മെണ്ടും കൂടി ചിലവുചെയ്തു കെട്ടിടങ്ങളു

ണ്ടാക്കണമെന്നാണ് ഞാൻ പറയുന്നത്. ഗവമ്മെണ്ടിനെക്കൊണ്ടു തന്നാത്താൻ ചിലവിടുവാൻ സാധിയ്ക്കയില്ല. നാട്ടുകാരും കുറച്ചെല്ലാം സഹായിയ്ക്കണം എന്നാട്ടേഹം പറയുകയുണ്ടായി. എന്നാൽ ദരിദ്രനാരുടെ കായ്ത്തിൽ ഗവമ്മെണ്ട് ഇങ്ങിനെയുള്ള സൌകയ്ക്കുർം ഉണ്ടാക്കേണ്ടതു അത്യാവശ്യമാണ്. ഫീസിളവു മാത്രമല്ല വേറെയും സഹായങ്ങൾ ആവശ്യപ്പെടുന്നവെങ്കിൽ അതും അവക്കു ഗവർമ്മെണ്ടിൽനിന്നും ചെയ്തുകൊടുക്കണം. ആവശ്യവും അത്യാവശ്യവും മനസ്സിലാക്കാതെ കാലസ്ഥിതി നോക്കാതെ സ്ഥാനത്തും അസ്ഥാനത്തും പണം ദുർവ്യയം ചെയ്യുന്ന സ്വഭാവം ഗവർമ്മെണ്ടുപേക്ഷിക്കണം. അത്യന്താപേക്ഷിതങ്ങളായ കായ്ങ്ങൾ വരുമ്പോൾ പണമില്ലെന്നു പറയുന്നതും പുതിയ നികുതി ചുമത്തേണമെന്നു പറയുന്നതും ഒരിക്കലും ന്യായമല്ല. വിദ്യാഭ്യാസ വിഷയത്തിലേക്കു പോരായ്മവരുന്ന പണം ഗവർമ്മെണ്ടു മറു വഴികളിൽ കൂടി ഉണ്ടാക്കാൻ ശ്രമിക്കുകയോ ഗവർമ്മെണ്ടു മിതവ്യയം പരിശീലിക്കുകയോ ചെയ്യണം. എന്നാൽ പണം ധാരാളം ഉണ്ടാകും. ബ്രിട്ടീഷ് മലബാറിൽ 8th Standard വരെ സ്കൂൾ ഫീസ് ആക്കും ഇല്ല. ഇവിടെയോ സഹിക്കാൻ വഹിയാത്ത തരത്തിൽ ഫീസ്സ് ദിനംപ്രതി വർദ്ധിപ്പിക്കുകയും ചെയ്യുന്നു. ഇതിനും പുറമെ ഈ വക കായ്ങ്ങൾക്കു പുതിയ നികുതി ചുമത്തി നാട്ടുകാരെ ബുദ്ധിമുട്ടിക്കാതെ തന്നെ പണം ഉണ്ടാക്കുവാനുള്ള പല പദ്ധതികളുമുണ്ട്.

മദ്യവ്യവസായത്തിൽനിന്നുതന്നെ ഗവർമ്മെൻറ് വിചാരിച്ചാൽ ഒരു കൊല്ലത്തിൽ രൂ.൦൦൦ ഉറുപ്പികയിൽപരം ചെത്തുകാരേയും ഷാപ്പു ലേലക്കാരേയും നഷ്ടപ്പെടുത്താത്തതരത്തിൽ ആദായമുണ്ടാക്കുവാൻ സാധിയ്ക്കുമെന്നു എനിയ്ക്കറിയാം. മദ്യത്തിൻെറ വില സ്റ്റോറിൽ ഒട്ടാകെ ഒരുപോലെയായി നിയന്ത്രിക്കുക, ആ നിയന്ത്രണത്തിൽ വില സ്വല്പമൊന്നു കൂട്ടിയാൽ മതി. അതുകൊണ്ടു ഷാപ്പുടമസ്ഥനോ ഗവർമ്മെൻറിനോ യാതൊരു നഷ്ടവുമില്ല. കുടിയ്ക്കുന്നവക്കാണു് ആ നഷ്ടം വരുന്നതു്. കുടിയന്മാർ ആ നഷ്ടം ഗൌനിക്കയുമില്ല. അതുപോലെതന്നെ ൧൦൦ക.യിൽ കവിഞ്ഞ ഗവർമ്മെണ്ടുദ്യോഗസ്ഥന്മാരുടെ ശമ്പളത്തിൽനിന്നു ഒരു ശതമാനം Cut ഏർപ്പെടുത്താം. Income tax സംഖ്യയിന്മേൽ ഉറുപ്പിക ഒന്നുക്കു് ഒരണ കൂടുതലായി ഏർപ്പെടുത്താം. ഇങ്ങിനെയുള്ള ഏതെങ്കിലും ഒരു പദ്ധതി ഗവർമ്മെൻറ് സ്വീകരിച്ചാൽ ഈ വക ദോഷങ്ങളൊക്കെ പരിഹരിയ്ക്കുവാൻ സാധിയ്ക്കും.

അതുകൊണ്ടു് ഞാൻ മുൻ പ്രസ്താവിച്ച ഏതെങ്കിലും ഇനത്തിൽനിന്നോ ഇനങ്ങളിൽനിന്നോ പുതിയ വരവുകൾ ഉണ്ടാക്കീട്ടെങ്കിലും ഗവർമ്മെണ്ടിനു് ഇതു ചെയ്യുവാൻ സാധിയ്ക്കുന്നതാണു്. ഇങ്ങിനെയു

LIBRARY ARCHIVES Kerala Legislative Assembly

ഈ ഏതെങ്കിലും ഒരു പദ്ധതി സ്വീകരിച്ച് ഫീസിളവു വർദ്ധന മാക്കി കുറയ്ക്കണമെന്ന അഭ്യർത്ഥനയോടുകൂടി ഞാൻ ഈ ഉപക്ഷേപത്തെ പ്രസ്താവിക്കുന്നു.

Motion as amended was put and carried.

Motion No. 18.

Mr. P. Kumaran Ezhuthassan.—"*To reduce the allotment of Rs. 845 for Hostels by Re 1. To call the attention of the Government to the most deplorable condition of the building where the Maharaja's College Cosmopolitan Hostel for ladies is located and the immediate necessity for improving its condition*".

Mr. P. Govinda Menon.—The fact that the original manager of the school was given some Government appointment is absolutely no reason why the School should be taken over by the Government. This House may not be aware that there are several aided schools in the State which are being managed more or less on a co-operative line by the teachers themselves.

LIBRARY ARCHIVES Kerala Legislative Assembly

If the Government felt that because the manager of the school became a Government servant he could not further continue his office as manager of the school without causing trouble to the Department as the Hon'ble Member for Education put it, then I humbly submit that the teachers of the school could themselves have managed the school till such time as the Advisory Committee could examine the materials before them and have recommended one way or the other. I am very sorry to find that the Government position is extremely unconvincing and therefore I press this motion to a division.

Motion as amended was put and carried.

Motion No. 25.

Mr. K. Ayyappan.—"*To reduce the allotment of Rs. 94,290 for Miscellaneous by Re. 1. To suggest some improvements in the Public Libraries of Ernakulam and Trichur.*"

സർ, ഗവമ്മെൻറിനു വലിയ ചിലവൊന്നും വരുന്ന ഒരു സംഗതിയല്ല ഞാൻ ഇവിടെ പറയാൻപോകുന്നത്. എറണാകുളത്തേയും തൃശ്ശിവപേരൂരിലേയും പബ്ളിക് ലൈബ്രറികൾക്കൊണ്ടു പൊതുജനങ്ങൾക്കു ഇപ്പോഴുള്ളതിൽ കൂടുതൽ പ്രയോജനമുണ്ടാക്കുവാൻ ഗവമ്മെൻറു വിചാരിച്ചാൽ സാധിക്കും. ഇപ്പോഴുള്ളതിൽ കൂടുതലായി പുസ്തകങ്ങൾ വരുത്തേണ്ട കാര്യത്തെപ്പറ്റിയല്ല ഞാൻ പറയുന്നത്. സബ് സ്ക്രിപ്ഷൻ ഇല്ലാതെ ലൈബ്രറിയിൽ വന്നു പുസ്തകമെടുത്തു വായിക്കുവാനുള്ള സൗകര്യം അധികംപേർക്കും ഉണ്ടാക്കിക്കൊടുത്താൽ ഈ ലൈബ്രറി വിദ്യാഭ്യാസത്തിനു വലിയൊരു സഹായമായിരിക്കും. ഇപ്പോഴും അങ്ങിനെ പുസ്തകമെടുത്തു വായിക്കാമെന്നു പറയുന്നു. പക്ഷെ ഒൻപതു മണിമുതൽ നാലുമണിവരെ ഈ ഹാൾ ഉപയോഗിക്കുവാൻ പാടില്ലെന്നാണ് ഗവമ്മെൻറിൻെറ ഉത്തരവെന്നു കേൾക്കുന്നു. ഇതു ഗവമ്മെൻറിൻെറ ബിസിനസ് സംബന്ധിച്ചു ആവശ്യത്തിനായിരിക്കും. എന്നാൽ അങ്ങിനെ ഈ സ്ഥലം ഇതുവരെയും ഉപയോഗിച്ചിട്ടില്ലെന്നാണ് അറിയുന്നതു്. അതുകൊണ്ടു പകൽ സമയം മുഴുവനും രാത്രി ഒൻപതു മണിവരെയും ഈ ലൈബ്രറി തുറന്നുവക്കുവാൻ ഗവമ്മെൻറു് ഏർപ്പാടു ചെയ്യണം. ഇങ്ങനെ ചെയ്താൽ ഒരു പ്യൂണിനേയോ മറേറാ കൂടുതൽ വയ്ക്കേണ്ട ആവശ്യം വന്നേക്കാം. എന്നാൽ വളരെ ആളുകൾക്കു വന്നു വായിക്കുവാൻ സാധിക്കും. അങ്ങനെ വായിക്കുന്നതിനു അവരോടു പണം ആവശ്യപ്പെടരുതു്. പിന്നെ വീട്ടിലേക്കു പുസ്തകമെടുത്തു കൊണ്ടുപോകേണ്ട കാര്യത്തെപ്പറ്റിയാണ് പറയാനുള്ളതു്. വളരെ കുറഞ്ഞ സബ് സ്ക്രിപ്ഷൻ മാത്രമുള്ള ഒരുതരം അംഗങ്ങളുടെ ക്ലാസ്സ് ഉണ്ടാക്കണം. ഇപ്പോ

LIBRARY ARCHIVES Kerala Legislative Assembly

ം ഇവിടെ രണ്ടുരൂപ വരിയുള്ളതു്, ഒരുരൂപ വരിയുള്ളതു് ഇങ്ങനെ ര ണ്ടു ക്ലാസാണുള്ളതു്. തൃശ്ശിവപേരൂരിൽ മൂന്നുക്ലാസുണ്ടു്.

സബ്സ്ക്രിപ്ഷൻ കൊടുക്കുന്നവർക്കു കൂടുതൽ സൌകര്യം ചെയ്തു കൊടുക്കുന്നതിനു വിരോധമില്ല. സബ്സ്ക്രിപ്ഷൻ കൊടുക്കാത്തവർക്കു് ലൈബ്രറിയിൽ ഇരുന്നു വായിക്കുന്നതിനു വേണ്ട സൌകര്യങ്ങൾ ഉണ്ടാക്കി അതിനുപുറമെ ഒരു പുസ്തകമെങ്കിലും വീട്ടിലേക്കു കൊണ്ടുപോകാൻ അവർക്കു അനുവാദം കൊടുക്കണം. അതിനു ഫീസു് ആവശ്യപ്പെടരുതു്. അങ്ങിനെ ചെയ്യുമ്പോൾ പുസ്തകം പോകയില്ലേ എന്നു ചോദ്യം പുറപ്പെട്ടേക്കാം. പരമാർത്ഥത്തിൽ പുസ്തകങ്ങൾ അധികം പോകുന്നതു് ഒന്നാം ക്ലാസു് മെമ്പർമാർ വഴിക്കാണെന്നാണു് തോന്നുന്നതു്. താഴ്ന്ന ക്ലാസുകാരുടെ കാര്യത്തിൽ ആ ഭയം അത്രതന്നെ ആവശ്യമില്ല. ഇതിനു പുറമെ ലൈബ്രറി റൂൾസിൽ ഒരു പ്രൊവിഷൻ ഉണ്ടു്. നല്ല നിലയിലുള്ളവർ ശുപാർശ ചെയ്താൽ മാത്രമേ ലൈബ്രറിയിൽ പുതുതായ അംഗങ്ങൾ ചേരുവാൻ സാധിക്കുകയുള്ളൂ. അതുകൊണ്ടു് താണ ക്ലാസുകാർക്കു മേൽപറഞ്ഞ സൌകര്യം ചെയ്തുകൊടുത്താൽ ഗവൺമെൻറു് ഇപ്പോൾ ചിലവാക്കീട്ടുള്ള പണംകൊണ്ടുതന്നെ ഇപ്പോഴുള്ളതിനേക്കാൾ കൂടുതൽ ഗുണം ഉണ്ടാക്കാൻ സാധിക്കും.

പരമാർത്ഥത്തിൽ വിദ്യാഭ്യാസം തുടങ്ങുന്നതു ലൈബ്രറികളിൽ വെച്ചാണു്. കാളേജുകളിൽ യഥാർത്ഥ വിദ്യാഭ്യാസത്തിൻെറ ഛായപോലും കഴിയുന്നതേയുള്ളൂ. വിദ്വാന്മാരായിവരുന്നതു പുസ്തക സ്നേഹിതന്മാരുമായുള്ള പരിചയംകൊണ്ടാണു്. ഇങ്ങിനെയുള്ള അധികംപേരെ ഉണ്ടാക്കുവാൻ ഈ ലൈബ്രറികൾ ഉപയോഗപ്പെട്ടതണം. രാജ്യത്തെ ലൈബ്രറികളെല്ലാം ആർഗനൈസു ചെയ്യേണ്ട വ്യവസ്ഥയോടുകൂടി ഒരു ആർഗനൈസരുടെ കീഴിൽ എറണാകുളം പബ്ളിക്കു് ലൈബ്രറി കൊണ്ടുവരുന്നതു നന്നായിരിക്കും.

എതായാലും ഇതല്ല എൻെറ പ്രധാനമായിട്ടുള്ള വാദം. എനിക്കു പ്രധാനമായിട്ടു പറയാനുള്ളതു് എറണാകുളത്തെയും തൃശ്ശൂരേയും പബ്ളിക് ലൈബ്രറികൾ പകൽ സമയം മുഴുവനും രാത്രി 8 മണിവരെയും തുറന്നുവെക്കണമെന്നുള്ളതാണു്.

Rao Sahib I. N. Menon.—Sir, the library is a self-governing institution to which the Government gives a grant and certain rules are enforced as a condition precedent to the grant and also a condition for revoking the grant also. No rule, I think, allows the Government for any kind of detailed intervention in the affairs of the libraries, but I can say that in order to give the best results, it is very essential that the library should be kept open for a little longer period. The Government would bring to the notice of the Library authorities the desirability of keeping them open for longer periods and request them to take necessary action in the matter.

LIBRARY ARCHIVES Kerala Legislative Assembly

Mr. K. Ayyappan.—Will the Government have to incur more grant?

Rao Sahib I. N. Menon.—I do not think that for every little service which the Library renders to the public, any additional commitment will be necessary. I think it will be possible for them without incurring any additional expenditure. At any rate, the best thing for the Government will be to explore into the question and also to bring it into the notice of the authorities concerned the views expressed by the Hon'ble Member.

Mr. K. Ayyappan.—I do not press the motion.

Motion was, by leave, withdrawn.

Motion No. 26.

Miss G. M. D'Souza.—"*To reduce the allotment of Rs. 16,26,650 for Education by Re. 1. To bring to the notice of the Government the need for extending to Anglo-Indianstudents the same concession in matters of educational Scholarships and stipends as is granted to Muslim students*"

Sir, I table this motion with the object of bringing to the notice of the Government the need for extending to the Anglo-Indian students, scholarships and stipends for secondary and collegiate education as is granted to Muslims and other communities.

In my speech at the general discussion of the last year's Budget, I made it sufficiently clear that the very poor representation of the Anglo-Indians in the State service is largely due to the paucity in the number of University Graduates in our Community. This in turn is due to want of financial resources to meet the cost of higher education. One way to help the community to take its rightful place as an enlightened and progressive community, is for the Government to extend to our children the benefits of scholarships and stipends both for Secondary and Collegiate education as aregiven to Muslims and other communities.

Mr. P. J. Alexander.—Sir, I would like to say a few words with regard to this motion. The Anglo-Indians, so far as they belong to the constituency to which I belong, do present a very good case demanding special consideration. This motion is meant to affect the Anglo-Indians of the whole

LIBRARY ARCHIVES Kerala Legislative Assembly

State, and knowing their financial condition fully well, I can only appeal to the Government and plead that their case requires special consideration. The Anglo-Indians, even though among them a few persons own big landed interests, a big majority of them are extremely poor and they subsist mainly from what they get from service in the firms and factories whence owing to the recent depression, many of them have been thrown out of employment. So they experience extreme poverty and misery. Apart from the fact that they are unable to meet the ordinary demands of life, the question of education has become a very taxing problem to them so that some concession may be granted to them. What is required here is only some scholar-ships to encourage them which would not entail heavy commitments for the Government. So I would strongly support the motion.

Rao Sahib I. N. Menon.—Sir, Government do not wish to be unsympathetic on behalf of any community which is educationally backward. It would be quite improper on my part to ask for information from the other side but I should like to know whether this community enjoys concessions anywhere else in India. At any rate, Sir, the extension of educational concessions seems to have a kind of power of self-oscillation, for once it is started, it never would stop. Before we extend concessions to newly discovered backward communities, we should consider the position of the old ones on behalf of whom very many speeches have been made on the floor of this House. 8 free seats were assured by the Chair this morning. I do not in any way wish to commit the Government to the position of denying any concession to this community which is eucationally backward. The only question for consideration for this House at present is whether their position is so backward as to warrant stipends and scholarships specially instituted for this purpose. Stipends and scholarships are not only a small reduction in income, but the expenditure requires very special justification. As far as I am able to envisage the situation, I do not think that this request is one which the Government can satisfy at present.

Miss G. M. D'Souza.—I do not quite agree with the Hon'ble Member for Education because, I know the condition of my community very well. Though some of them are in fair circumstances, most of them are very poor and not able to send their children for higher education. As we belong to a minority community, the number of students who come forward for education will be very few indeed. So the expenditure

LIBRARY ARCHIVES Kerala Legislative Assembly

involved in the grant of stipends will be very small. I did not think for a moment that the Government will take such an attitude. Anyway I had no intention of pressing it when I sent in this motion. So I beg leave of the House to withdraw it.

Motion was, by leave, withdrawn.

Motion No. 27.

Mr. K. Kunhirama Menon.—"*To reduce the allotment of Rs. 16,26,650 for Education by Re. 1. To request the Government for the proper encouragement in aiding Sanskrit Patasalas in the State.*"

സർ, കൊച്ചീ രാജ്യത്തെ സംസ്കൃത വിദ്യാഭ്യാസത്തിന്ന വേണ്ടതായ പ്രോത്സാഹനം ചെയ്യണമെന്നുള്ള ഒരു ഉപക്ഷേപമാണ് ഞാൻ ഇവിടെ അവതരിപ്പിക്കുന്നത്. പത്തു മിനിട്ടിന്ന മുമ്പു ചോറാനിക്കരയിൽ ഒരു സംസ്കൃത വിദ്യാലയത്തിനെ ഗവമ്മെൻറു മാനേജ്മേണ്ടിൽ ഏറ്റുക്കുന്നതിനെപ്പററി അന്നദ്യോഗസ്ഥപക്ഷം ഗൗരവമായി ആക്ഷേപിക്കുകയുണ്ടായി. എന്നാൽ അതിനെ ആക്ഷേപിക്കുവാനുണ്ടായ കാരണം ഈ നിയമസഭയിൽനിന്ന് തിരഞ്ഞെടുത്ത അഡൈ്വസറിക്കമ്മിററി മെമ്പർമാരോട് ആലോചിക്കാതെ മാനേജർമാർ ഏറെറടുക്കുന്നതിന്ന തീർച്ചയാക്കിയതുകൊണ്ടാണ്. ഞാൻ ഈ സംഗതി ഇവിടെ അവതരിപ്പിക്കുവാനുള്ള കാരണം എന്റെ നിയോജകമണ്ഡലത്തിൽ പെട്ടതായ കിള്ളിമംഗലം വില്ലേജിൽ രണ്ടു കൊല്ലമായിട്ട ഒരു സംസ്കൃത പാഠശാല നടത്തിവരുന്നുണ്ട്. അതിന്ന ഗ്രാൻറു കിട്ടിയാൽ കൊള്ളാമെന്ന വിദ്യാഭ്യാസ മേലധ്യക്ഷനോട അപേക്ഷിച്ചിട്ട് ഇന്നോവരെ യാതൊരു മറുപടിയും കിട്ടിയിട്ടില്ല. ആ സംഗതിയിൽ ഒന്ന പ്രത്യേകമായി ശ്രദ്ധവെക്കണമെന്നാപേക്ഷിക്കുന്നുണ്ട്. നമ്മുടെ രാജ്യത്തിൽ സംസ്കൃത വിദ്യാഭ്യാസത്തിന്ന വേണ്ടതായ പ്രോത്സാഹനം ഗവമ്മെൻറിൽനിന്ന ചെയ്യണമെന്ന അപേക്ഷിക്കുവാനാണ് ഞാൻ ഈ ഉപക്ഷേപം ഇവിടെ കൊണ്ടുവന്നിട്ടുള്ളത്.

മിസ്റ്റർ പി. ഗോവിന്ദമേനോൻ.— സർ, സംസ്കൃതവിദ്യാഭ്യാസത്തെ പോഷിപ്പിക്കുന്നതിന്നുവേണ്ടി ഗവമ്മെൻറിൽനിന്ന് കഴിയുന്നത്ര പ്രോത്സാഹനങ്ങൾ ചെയ്യേണ്ടതു് എത്രയും ആവശ്യമാണെന്നാണ് എന്റെ അഭിപ്രായം. എന്നാൽ സംസ്കൃത വിദ്യാഭ്യാസത്തിന്ന് ഏതെങ്കിലും വിധത്തിലുള്ള സഹായം ഗവമ്മെൻറിൽനിന്ന ചെയ്തുകൊടുക്കുന്നതിന മുമ്പായി സംസ്കൃതവിദ്യാഭ്യാസ സമ്പ്രദായത്തെ നവീകരിച്ചു് അതിന്ന ഒരു പദ്ധതി ഏർപ്പെടുത്തേണ്ടതായിട്ടുള്ള ആവശ്യമുണ്ട്. ഇപ്പോൾ കൊച്ചീ രാജ്യത്തിൽ പലേ സംസ്കൃതവിദ്യാലയങ്ങളുമുണ്ട്. ഈ വി

LIBRARY ARCHIVES Kerala Legislative Assembly

ട്യാലയങ്ങളിൽ പഠിപ്പിക്കുന്നതു് അതിലെ അദ്ധ്യാപകന്മാരുടെ ഓരോ രുത്തരുടേയും മനോധർമ്മത്തിനു് അനുസരിച്ചാണു്. അവിടെ സംസ്കൃതമല്ലാതെ മറ്റു വിഷയങ്ങൾ പഠിപ്പിക്കുകയുമില്ല. അതുകാരണം സംസ്കൃതവിദ്യാലയങ്ങളിൽ പോയി പഠിച്ചുവരുന്ന കുട്ടികൾക്കു സാധാരണ ഒരു സ്ക്കൂളിൽ പഠിച്ചാൽ ഉണ്ടാകുന്ന ജ്ഞാനം ഉണ്ടാകുവാൻ നിവൃത്തിയില്ല. അതുകൊണ്ടു് സംസ്കൃതവിദ്യാഭ്യാസത്തെ ക്ലിപ്തമായ ചില വ്യവസ്ഥകളാൽ നവീകരിച്ചു് അതിനു് കൊച്ചീ രാജ്യത്തിലെ എല്ലാ പ്രദേശങ്ങളിലും ഒരു ഐകരൂപ്യം വരുത്തി സംസ്കൃതവിദ്യാഭ്യാസത്തിന്റെ ഉദ്ദേശം സാധിക്കുന്നതോടുകൂടിതന്നെ മറ്റു സാമാന്യ വിദ്യാഭ്യാസവുംകൂടി സിദ്ധിക്കുവാനുള്ള സൌകര്യവുംകൂടിചെയ്തുകൊടുക്കണം. സംസ്കൃതവിദ്യാലയങ്ങളിൽനിന്നു് സർട്ടിഫിക്കറു വാങ്ങിപുറത്തുവരുന്നവർക്കു ചുരുങ്ങിയതു് മലയാള സ്ക്കൂളിൽ പഠിപ്പിക്കുവാനുള്ള യോഗ്യതയെങ്കിലും ഉണ്ടായിരിക്കത്തക്കവിധത്തിലുള്ള പ്രോത്സാഹനങ്ങളും സഹായങ്ങളും സംസ്കൃത വിദ്യാഭ്യാസത്തിനു നൽകണം.

അതുകൊണ്ടു ഈ ഉപക്ഷേപത്തിന്റെ അടിസ്ഥാന തത്വത്തെ സ്വീകരിക്കുന്നതോടുകൂടിതന്നെ സംസ്കൃത വിദ്യാഭ്യാസത്തെ നവീകരിക്കുന്നതിനുള്ള പദ്ധതിയുംകൂടി എത്രയും വേഗത്തിൽ ബഹുമാനപ്പെട്ട വിദ്യാഭ്യാസ മെമ്പർ അവർകൾ നടപ്പിൽ വരുത്തണമെന്നു അപേക്ഷിച്ചുകൊള്ളുന്നു.

Rao Sahib I. N. Menon.—Sir, after what I have said just a few minutes ago in a different connection, I do not think that it is necessary to reiterate what I have already said. The scheme is ready. It was prepared at the request of the Hon'ble Members of the committee and long before probably. I do not wish to repeat here at this stage what is contained in that report. But I may say that the Hon'ble Member for Adoor has anticipated some of the recommendations which is one way of saying that there is perfect agreement between him and this side of the House and as such I do not think that there should be any kind of discussion on this motion. Every effort will be made by the Government to give Sanskrit Education what encouragement it deserves.

Mr. K. Kunhirama Menon.—On the assurance given by the Hon'ble Member, I do not press this motion.

Motion was, by leave, withdrawn.

Motion No. 28.

Mr. T. C. Iyyukutty.—"*To reduce the allotment of Rs. 16,26,650 for Education by Re. 1. To bring to the notice of*

LIBRARY ARCHIVES Kerala Legislative Assembly

the Government the necessity for putting up a building for the Pazhanji High School."

Sir, till the beginning of School year 1109—1110, there existed only a Sirkar Lower Secondary School in Pazhanji. Parents who could not afford to send their sons and daughters over to Kunnakulam and other distant places had to dis-continue their studies after passing the III Form Examination. After continued cries for a High School for more than 4 years, waiting on deputations and many other efforts, His Highness the Maharaja was graciously pleased to grant an order for a High School. Year before last, Form IV was started in the old School building itself and last year Form V too. Now it has become a fully developed High School and it has been made a permanent one. Still we have accommodated ourselves to our circumstances, and I think the Government is experimenting with us to find out the least possible space in which a High School can exist.

We expected that the construction of our school building would be included in the budget for 1112 as in the Diwan's Orders. But we are sadly disappointed. How are we to pull on again without proper buildings and equipments necessary for a High School? The strength of each class is steadily increasing and the number of girls is almost the same as the number of boys in each class. Hence the girls may find it very difficult to accommodate themselves in these class rooms without sufficient space (Laughter). Representations have been made to the Diwan at the time when he visited Pazhanji some months back. I therefore request the Government to make readjustments in the accounts and find means to spend a paltry sum of Rs. 2,500 for the construction of two or three rooms at least for the immediate need.

Rao Sahib I. N. Menon.— Sir, I do not know exactly what is the point to which I have to reply. That a building is extremely desirable and necessary for the Pazhanji High School as it is at present housed there is beyond doubt. And as I have already submitted to this House this morning it is a question of finding funds simultaneously for a number of institutions. This morning I told that the Peringottukara has preference over Narakkal. The Hon'ble Member for Narakkal was absent. If he were present he would have raised a hue and cry for placing Narakkal before Peringottukara. The Hon'ble Member from Pazhanji was saying that children from Pazhanji have

LIBRARY ARCHIVES Kerala Legislative Assembly

to go to a distant school at Kunnamkulam about three miles or so.

Mr. T. C. Iyyukutty.— The distance is six miles.

Rao Sahib I. N. Menon.—Not by the shortest route. Not by the route which children used to go in the old days.

Sir, having started the school and having decided to run it I could admit that this school needs a building. At the same time it should not be forgotten that this is the latest addition to the list of High Schools. It was started at a time when we had no money; it was started under great pressure. I hope the Hon'ble Member will not forget all these occurrences of recent history. The only thing that I can promise on behalf of the Government at this stage is to see that part provision would be made out of the distribution of the lump allotment. After all the immediate requirements may not be more than a room or two and so I think on behalf of Government that I will include this item among the institutions in the distribution of lump allotment.

Mr. T. C. Iyyukutty.—As this is a purely local question I do not expect any support from the Hon'ble Members of this side. I may be allowed to withdraw my motion.

Motion was, by leave, withdrawn.

Motion No. 29.

Mr. Popatlal Goverdhan Lalan.—"*To reduce the allotment of Rs. 16,26,650 for Education by Re. 1. To request the Government to provide a Public School at Mattancherry for all classes and creeds of people.*"

മിസ്റ്റർ പ്രസിഡണ്ട്, സർ, മട്ടാഞ്ചേരിക്കു ഒരു ഹൈസ്ക്കൂൾ വേണമെന്നു ആവശ്യപ്പെട്ടുന്ന ഈ കട്ട് മോഷൻ ഇവിടെ അവതരിപ്പിക്കുമ്പോൾ എല്ലാവർക്കും ഇതൊരു പഴയ കഥയാണെന്നു തോന്നിപ്പോകും. അഞ്ചു കൊല്ലത്തോളമായി മട്ടാഞ്ചേരിക്കു ഒരു ഹൈസ്ക്കൂൾ തരണമെന്നു ഈ സഭയിൽ ആവശ്യപ്പെട്ടു തുടങ്ങീട്ട്. ബഹുമാനപ്പെട്ട ഡയറക്ടർഅവർകൾക്കുകൂടി കഴിഞ്ഞ മീനം സെഷ്ഷനിൽ മട്ടാഞ്ചേരിക്കു ഒരു ഹൈസ്ക്കൂൾ അത്യാവശ്യമാണെന്നു മനസ്സിലാക്കിയിരിക്കുന്നു എന്നു പറയുകയുണ്ടായി. പക്ഷെ പണമില്ലാഞ്ഞിട്ടാണ് ഈ കാര്യത്തിൽ യാതൊന്നും ശ്രമിക്കാത്തതു്. പിന്നെ ഒരു കാരണം പറഞ്ഞു മഹാരാജാസ് കാളേജിന്റെ പണി വേഗം നടത്തണമെന്നു മദ്രാസ് യൂണിവേഴ്സിറ്റിയിൽനിന്നു ആർഡർ ഉണ്ടു്. അതു പൂർത്തിയാക്കിയതിനു ശേഷമേ ഈവക കാര്യങ്ങൾ നടത്തുവാൻ സാധിക്കുകയുള്ളൂ എന്നു്.

LIBRARY ARCHIVES Kerala Legislative Assembly

എന്നാൽ എന്റെ അനേഷണത്തിൽ മഹാരാജാസ് കോളേജിന്റെ പണി പൂർത്തിയായിരിക്കുന്നു. പിന്നെ കുറച്ചു പണികളും ഉള്ളതു് ഒരിക്കലും തീരാതിരിക്കുന്നതാണെന്നു നമ്മുടെ സ്റ്റേറിൽ നടക്കുന്ന മറ്റു പല സംഗതികളും കണ്ടാൽ മനസ്സിലാക്കാവുന്നതാണു്.

ഒരു വാണിജ്യ കേന്ദ്രമായ മട്ടാഞ്ചേരിയിൽ ഒരു ഹൈസ്കൂൾ ഗവ മ്മെൻറു വകയായി തരുവാൻ ഇത്രത്തോളം ബുദ്ധിമുട്ടുന്ന കാര്യം ഓർക്കുമ്പോൾ വളരെ സങ്കടം തോന്നുന്നുണ്ടു്. മട്ടാഞ്ചേരിയിൽ ഒരു ഹൈസ്കൂൾ പണിയുന്നതിനു പണമില്ലെന്നു പറഞ്ഞാൽ പുറത്തുള്ള രാജ്യക്കാർ ഈ ഗവമ്മെൻറിനെ വളരെ പരിഹസിക്കും. എത്രയൊ സംഖ്യ അനാവശ്യമായിട്ടു ചിലവാക്കുന്നു. മട്ടാഞ്ചേരിയുടെ കാര്യം പറയുമ്പോൾ ഗവമ്മെൻറു പണമില്ലെന്നു പറയുന്നു. പണമില്ലെങ്കിൽ കടം മേടിക്കണമെന്നാണു് ഞാൻ പറയുന്നതു്. ബഹുമാനപ്പെട്ട ദിവാൻജി അവർകളുടെ സ്പീച്ചിൽ പറയുകയുണ്ടായി, അടുത്തുതന്നെ കൊച്ചീ തുറമുഖം ഒരു മേജർപോർട്ടായി ഡിക്ലെയർ ചെയ്യുന്നതാണെന്നും അപ്പോൾ അതു അറബിക്കടലിന്റെ രാജ്ഞിയായി തീരുന്നതാണെന്നും. ഉയർന്ന വിദ്യാഭ്യാസത്തിന്റെ ഭാവിയുള്ള മട്ടാഞ്ചേരിയിൽ ഒരു ഹൈസ്കൂൾ സ്ഥാപിക്കുന്നതിനു് പണമില്ലെന്നു പറയുന്നതിൽ വളരെ സങ്കടം തോന്നുന്നുണ്ടു്. എന്റെ അനേഷണത്തിൽ കുറെ കൊല്ലമായി ഡയറക്ടർ അവർകൾ ടി. ഡി. ഹൈസ്കൂളിന്റെ കെട്ടിടം കണ്ടിട്ടുണ്ടോ എന്നതന്നെ സംശയമാണു്. ഈ കെട്ടിടത്തിന്റെ ഒരു ഭാഗത്തു് മതിലും മറെ ഭാഗത്തു വെറും അഴിയുമാണു്. കുതിരലായമോ പശുത്തൊഴുത്തോപോലെയുള്ള ആ സ്ഥലത്താണു് കുട്ടികളെയിരുത്തി പഠിപ്പിക്കുന്നതു്. അവിടെ കാറ്റും വെളിച്ചവും തീരെ പ്രവേശിക്കയില്ല. എല്ലാ ജാതിക്കാർക്കും അവിടെ പ്രവേശനമില്ലാത്തതുകൊണ്ടു് വളരെ കഷ്ടപ്പെടുന്നുണ്ടു്. ക്രൂടാതെ ഈ സ്കൂളിൽ ഉച്ചകഴിഞ്ഞാൽ വളരെ വെയിലാണു്. വിദ്യാഭ്യാസ ഡയറക്ടർ അവർകൾ ഒരു ദിവസം അവിടെ വന്നിരുന്നു നോക്കിയാൽ അതു മനസ്സിലാകുന്നതാണു്. ഇങ്ങിനെയുള്ള സ്ഥലത്തു് കുട്ടികളെ പഠിപ്പിച്ചാൽ പിന്നെ എങ്ങിനെയാണു് അവർക്കു ബുദ്ധിവികാസവും ആരോഗ്യവും ഉണ്ടാകുന്നതു്?

ഞാൻ ബഹുമാനപ്പെട്ട ഗവമ്മെൻറിനോടു അപേക്ഷിക്കുന്നതു്, മട്ടാഞ്ചേരിക്കു ഒരു ഹൈസ്ക്കൂൾ തരണമെന്നുണ്ടെങ്കിൽ തരണം, അല്ലെങ്കിൽ തരികയില്ല എന്നു് പറഞ്ഞേക്കു പിന്നെ ഞങ്ങൾ ചോദിക്കുകയില്ല; അതു ഗവമ്മെൻറു പറഞ്ഞില്ലെങ്കിൽ മട്ടാഞ്ചേരിക്കു ഒരു ഹൈസ്ക്കൂൾ തരുന്നതുവരെ ഞങ്ങൾ ചോദിക്കാതിരിക്കയില്ല.

പിന്നെ വേറൊരു ഹൈസ്ക്കൂൾ ഉള്ളതു് മൂന്നു മൈൽ ദൂരെ ആണു്. ആ കെട്ടിടവും ഡയറക്ടർ അവർകൾ കണ്ടിട്ടുണ്ടോ എന്നു സംശയമാണു്. ഒരു ദിവസം മീറ്റിംഗിനു അദ്ദേഹം അവിടെ പോയിട്ടു

LIBRARY ARCHIVES Kerala Legislative Assembly

ണ്ടെങ്കിലും ആ കെട്ടിടം മുഴുവൻ കണ്ടിട്ടില്ല. കണ്ടിരുന്നെങ്കിൽ അവിടെ സ്ക്കൂൾ നടത്തുവാൻ പാടില്ലെന്നു പറയുമായിരുന്നു.

ഏതായാലും മട്ടാഞ്ചേരിയിൽ ഒരു ഹൈസ്ക്കൂൾ ഉണ്ടാക്കി കൊടുക്കുന്നതിനു പണമില്ലെന്നു പറയുന്നതു് വളരെ സങ്കടമാണു്. ഈ കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനായി ഞാൻ വീണ്ടും ഈ ഉപക്ഷേപം ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു.

Mr. Shabdai S. Koder.—Sir, I rise to second this cut. We have been crying for the past many years for a public high school for all castes and creeds of Mattancherry. But that cry has up till now remained a cry in the wilderness. I want to draw the attention of the Government and also the Director of Public Instruction to one fact. The Government has now acquired a plot of land called 'Thoppinakam'. This plot was looked upon by the public of Mattancherry and Mr. C. Mathai the then Director of Public Instruction and if I am informed right by the present Director of Public Instruction as the only ideal spot to build a public school at Mattancherry. This plot has now been acquired or is being acquired for Police Lines. The Government can easily acquire the plot of ground lying adjacent to the west of the Mattanchery Police Station for Police Lines. There is also a building there. Government can either rent or acquire the building as well as the land. If this plot of land is taken for Police quarters I am afraid there will not be any other suitable plot of land in Mattancherry for a High School. I therefore earnestly request the Government to give us this plot for this High School.

Mr. M. V. Cherian.—This cut motion does not require much speech because the Director himself in the Meenom Session has adverted to it like this:—"Government have recognised quite a long time ago the extreme desirability of starting a High School accessible to all classes and communities and honestly they had more than 5 years ago definitely decided to undertake this item of expenditure'. Therefore, there is no use of saying that the Government does not recognise the necessity for they have decided 5 years ago to acquire a plot also, and "തോപ്പിനകം" was then fixed and the then Director made a definite recommendation that that place should be taken and now that place has been acquired by Government. Therefore, the difficulty so far as the acquisition is concerned is now over. And we have to consider whether a Police line or a High School is a pressing necessity now. If the Government would decide that the High School is a more pressing necessity, surely

LIBRARY ARCHIVES Kerala Legislative Assembly

"മാപ്പിളശാല" can be converted for such use and the school can be located there. I think the Hon'ble Members of this House will give their unanimous vote in support of this motion.

Rao Sahib I. N. Menon.—Sir, the subject of providing suitable accommodation for the High School of Mattancherry has, like many other things, come before this House often. The Hon'ble Member has just read out a part of the speech of the Director of Public Instruction and my first impulse was that I shall endorse it, because I do not think that the Government are in a position to add anything more than what was said then. The question of building a public school at Mattancherry was seriously considered at the time when certain things had not supervened,—first the extraordinary expenditure in connection with the college extensions, second the prevailing economic depression and then the opening of new schools by Government elsewhere at Pazhanji and so on. All these things have happened and surely these incidents far from liberating fresh funds have tended to absorb the sources of revenue Government already possessed. Hon'ble Members are quite aware what a great strain the extention of the College has been. There was an attempt—I am afraid—to point out that the problem of public schooling has become more acute than it was some time ago. It is precisely here that I should like to enlighten Hon'ble Members. Recently a lower secondary school was opened by His Highness at Mattancherry which to some extent at any rate, must relieve the tension at the T. D. High School.

Mr. M. V. Cherian.—Surely not.

Rao Sahib I. N. Menon.—If it does not do so, the Hon'ble Member will be suggesting that the new school that is opened at Mattancherry by His Highness is going to be filled up by fresh imports. I had a discussion this morning with one Hon'ble gentleman who came over from Mattancherry and he said that the new school is a Muslim school which it is not. The manager no doubt happens to be a Muslim; and it was made quite clear by a Government Proceedings that it is a public school and I have every reason to hope, Sir, that that school is going to develop into a High School. When we have the prospect of a lower secondary school, well situated and well equipped, gradually developing itself into a high school in able hands, is there any necessity in these hard times to rush with a capital expenditure of about 60 or 70 thousand rupees? I do admit that there was a more urgent case for the school 5 years

LIBRARY ARCHIVES Kerala Legislative Assembly

ago than there is today. The opening of a new school at Mattanchery has, if dispassionately considered, relieved the strain to some extent. I do not say that it has solved the problem of having a public school for Mattancherry. Today the case is not more urgent. It is definitely less urgent than it was some time ago. Secondly with all these things on the anvil, it is not possible to find funds to the extent of 50 or 60 thousand rupees.

Mr. Shabdai S. Koder.—You have found funds for a Guest House at Ernakulam.

Rao Sahib I. N. Menon.—All that I wish to say again is that there should be no tendency to exaggerate the evil that exists. I do not admit the Hon'ble Members' hint that the only occasion that I had been there was in connection with the presiding over a meeting. I had been there at least 5 times. If he suggests that the question is being neglected, that the Government are not anxious that anything should be done in this direction, it is not true. As a matter of fact, Government had to ask the T. D. High School authorities whether the opening of the new school will in any way affect their interests. They said that it would relieve them of some tension. Far from opposing the starting of a new school, they welcomed it. I have the evidence of the T. D. school authorities to prove that this has been a relief to them and I think, it must be a relief to the public of Mattancherry also. Hon'ble Members will not take it as a final or even a satisfactory solution of the problem but they will treat it purely as a transitory measure and allow more urgent works to continue.

Mr. Shabdai S. Koder.—On a point of information, have the Government acquired this plot?

Rao Sahib I. N. Menon.—I understand that it is in the process of acquisition and only half of it is going to be utilised or the Police lines.

Mr. Shabdai S. Koder.—Then what will happen if the Lines are constructed there?

Rao Sahib I. N. Menon.—We won't have a school there. Even if the other half acquired is given to us, it won't suffice.

മിസ്റ്റർ കെ. അയ്യപ്പൻ.— ഇവിടെ ഇതേവരെ പറഞ്ഞത് ഒരു പബ്ലിക്ക് ഹൈസ്കൂൾ ഉണ്ടായിരിക്കേണ്ടതിന്റെ ആവശ്യത്തെപ്പറ്റി മാത്രമാണ്. ഈ ഹൈസ്കൂൾ സംബന്ധിച്ചു ഇവിടെ പറ

LIBRARY ARCHIVES Kerala Legislative Assembly

യാത്ത ഒരു സംഗതിക്കൂടി അന്തർഭവിച്ചിട്ടുണ്ട്. ടി. ഡി. ഹൈസ്കൂളിൽ ചില ജാതിക്കാർക്കു പ്രവേശനം ഇല്ലാത്തമൂലം അവർക്കുള്ള അപമാനത്തെപ്പറ്റി ആരും ഒന്നും പറയുകയുണ്ടായില്ല. അതാണ് എനിക്കു പ്രധാനമായി പറയാനുള്ളതു്. ആ സ്കൂളിൽ മുസ്ലീമിങ്ങൾക്കും ക്രസ്ത്യാനികൾക്കുമൊക്കെ പ്രവേശനമുണ്ട്. ഈഴവർ മുതലായി ചില സമുദായങ്ങൾക്കു മാത്രമേ പ്രവേശനമില്ലാതുള്ളൂ. ഈ അപമാനത്തിനു പുറമെ അവരുടെ കുട്ടികൾക്കു സൗകര്യമായി ഒരു ഹൈസ്കൂൾ അവിടെ ഇല്ലെന്നുള്ളതു കൂടി ഓർക്കേണ്ടതുണ്ട്. ഈ വിഷയങ്ങൾ പരിഹരിക്കുവാനായി ഒരു പബ്ലിക്ക് ഹൈസ്കൂൾ തുടങ്ങുവാൻ വാദം തുടങ്ങിയിട്ടു എത്ര കൊല്ലമായി. ഇതേവരെ ഗവൺമെൻറിനു ആ കാര്യത്തിൽ ഒന്നും ചെയ്യുവാൻ സാധിച്ചിട്ടില്ല. ടി. ഡി. ഹൈസ്കൂളിൽ എല്ലാ ജാതിക്കാരേയും പ്രവേശിപ്പിപ്പാൻ ഗവൺമെൻറു നിർബന്ധിച്ചിരുന്നെങ്കിൽ അതു സാധിക്കുമായിരുന്നു. അങ്ങിനെ ചെയ്യുവാൻ ഗവൺമെൻറിനു ഭാവമില്ല. പിന്നെ വേണ്ടതു ഒരു പബ്ലിക്ക് ഹൈസ്കൂൾ സ്ഥാപിക്കുകയാണു്. അതിനും ഭാവമില്ലെന്നു വരുന്നതു കഷ്ടമാണു്. മുസ്ലീം സ്കൂൾ ഹൈസ്കൂളാക്കുവാൻ ഗവൺമെൻറിനു ആലോചനയുള്ളതുപോലെ കണ്ടു. അങ്ങിനെയായാലും വേണ്ടില്ല. ഞങ്ങൾക്കു മദ്രസാസ്കൂളും മിഷ്യനറിസ്കൂളും ദേവസ്വം സ്കൂളും ഒക്കെ ഒരുപോലെയാണു്. മുസ്ലീം സ്കൂൾ ഹൈസ്കൂളാക്കുവാൻ ഉദ്ദേശിച്ചിട്ടുണ്ടെങ്കിൽ അതു വേഗം ചെയ്യിക്കണമെന്നാണ് ഞാൻ പറയുന്നതു്. മട്ടാഞ്ചേരിയിൽ ഹൈസ്കൂളിനു നിശ്ചയിച്ചിരുന്ന സ്ഥലം ഇപ്പോൾ പോലീസ് ലൈൻ പണിയാനായി അകപ്പയർ ചെയ്തിട്ടുണ്ട്. അതു സ്കൂളിനായി തിരിച്ചാൽ വലിയ പണച്ചിലവു കൂടാതെ ഹൈസ്കൂൾ കാര്യം സാധിക്കും. പോലീസ് ലൈൻ ഉടനെ പണിതില്ലെങ്കിലും തരക്കേടില്ലെന്നു തോന്നുന്നു. അതിലും അത്യാവശ്യമാണു ഹൈസ്കൂൾ. ഗവൺമെൻറു ഹൈസ്കൂൾ എപ്പോഴെങ്കിലും പണിയുവാൻ ഉദ്ദേശിച്ചിട്ടുണ്ടെങ്കിൽ പോലീസു ലൈനിനു എടുത്ത സ്ഥലം പോകുന്നതു വലിയ അസൗകര്യമായിരിക്കും. അതു സൗകര്യമുള്ള സ്ഥലം ഹൈസ്കൂളിനു വേറെ കിട്ടുവാൻ പ്രയാസമാണു്. ഏതായാലും എങ്ങിനെയെങ്കിലും എല്ലാ ജാതിക്കാർക്കും പ്രവേശനമുള്ള ഹൈസ്കൂൾ അവിടെ ഉണ്ടാക്കുവാൻ ഗവൺമെൻറു ഉൽസുകത കാണിക്കണമെന്നു അപേക്ഷിച്ചുകൊള്ളുന്നു.

Mr. K. M. Ibrahim.—On a point of information, may I know where the Girl's School is housed now?

Rao Sahib I. N. Menon.—It is only a lower secondary school. It is in Jew Street.

There seems to be a misconception with regard to the Madresa building. I asked the Manager himself. He is only too willing to start a High School but the wanted to be quite sure that his

LIBRARY ARCHIVES Kerala Legislative Assembly

venture will be a success and his school will not be boycotted by any section of the community because there was an anticipation that the school was going to be an entirely Muslim school and so he was afraid that the school might not succeed in that atmosphere. I know he is only too willing to start a High School. But he may not do it immediately. To save time, to say that the Government should take this venture, I don't think, is right. Then with regard to the building. The Hon'ble Member said that the building is not suitable. The shops are there because the ground floor is not wanted. As a matter of fact recognition was given to the school both for the primary and the lower secondary classes at once and they did not think it quite safe to start a High School this year. Most probably they will start it next year. So with a little forbearance a high school which is accessible to all, properly equipped, efficiently managed, centrally located will be an accomplished fact in the course of one year.

Mr. K. Ayyappan.—Will you stop the grant to the T. D. High School when there is another which is open to all? Otherwise this school will not thrive.

Rao Sahib I. N. Menon.—When recognition is granted to the second school it is obvious that the Government will look into the fact whether there is a need for a second school. I can assure the Hon'ble Member that the interests of this school will not in any way be jeoparadised by the other existence of the other school.

മിസ്റ്റർ പോപ്പറുലാൽ ഗോവർദ്ധനലാലൻ.— മദരസാ ബിൽഡിങ്ങിൽ ഒരു ലോവർസെക്കണ്ടറിസ്കൂൾ തുടങ്ങിയിരിക്കുന്നതു് മട്ടാഞ്ചേരിയിലുള്ള പബ്ലിക്കിനു വളരെ സഹായകരമായിത്തീർന്നിരിക്കയാണെന്നു ബഹുമാനപ്പെട്ട ഡയറക്ടർ അവർകൾ ഇവിടെ പറയുകയുണ്ടായി. ബിൽഡിങ്ങ് കാഴ്ചയ്ക്കു വളരെ ഭംഗിയുള്ളതാണ്. ഇത്രത്തോളം ഭംഗിയായി മറെറാരു കെട്ടിടവും കൊച്ചീരാജ്യത്തിൽ ഇല്ല. വലിയ പാർട്ടികൾക്കോ മീറിങ്ങുകൾക്കോ പറ്റിയ ഒരു കെട്ടിടം ആണ് അതു്. മഹാരാജാവു തിരുമനസ്സുകൊണ്ടു എഴുന്നള്ളിയാണു ആ കെട്ടിടം ഉൽഘാടനം ചെയ്തതു്. ആ കെട്ടിടത്തിന്റെ മുൻവശത്തു ധാരാളം പീടികകൾ ഉണ്ടെന്നു മാത്രമല്ല യാതൊരു തരത്തിലും അകത്തേയ്ക്കു വെളിച്ചമോ കാറ്റോ കടക്കത്തക്ക വിധത്തിൽ ഉള്ള ജനാലുകൾ ഒന്നും ഇല്ലാത്ത ഒരു മതിൽ കെട്ടോടു കൂടിയതാണ് ആ ഭാഗം. മറെറാരു ഭാഗം ആർച്ചുകൾകൊണ്ടും പില്ലേഴ്സ് കൊണ്ടും അടച്ചുവെച്ചിരിക്കുന്നു. ആ കെട്ടിടം എന്റെ അഭിപ്രായത്തിൽ ബഹുമാനപ്പെട്ട ചില മെമ്പറന്മാ

LIBRARY ARCHIVES Kerala Legislative Assembly

ങ്ങും ഉദ്യോഗസ്ഥന്മാരും പോയി കണ്ടിരിക്കും? ഭാവിയിൽ അതു ഒരു ഹൈസ്കൂൾ ആയി നടത്താമെന്നു ആ മഹാൻ സമ്മതിച്ചതിലാണ് എനിക്കു അത്ഭുതം തോന്നുന്നതു്. അടുത്ത കാലത്താണു് അതു ഹൈസ്കൂൾ ആയിതീരുവാൻ പോകുന്നതെങ്കിൽ അതു ഏതുകാലത്താണു് തരുവാൻ പോകുന്നതെന്നു ഒരു സമയനിശ്ചയമില്ലാത്തതുകൊണ്ടു ഞങ്ങൾക്കു വളരെ വ്യസനമുണ്ടു്. ഇതുകൊണ്ടൊന്നും ഞങ്ങളുടെ ആശയ്ക്കു സമാധാനമുണ്ടായിട്ടില്ല. ഭാവികാലത്തു കിട്ടുവാൻ പോകുന്നതു് ഹൈസ്കൂളിനു പറ്റിയ ഒരു സ്ഥലത്താണെന്നതന്നെ ഞാൻ വിചാരിക്കുന്നു. ഒരു ഏക്കർ സ്ഥലത്തിൽ ഹൈസ്കൂളിനു വേണ്ട കെട്ടിടങ്ങളും പ്ലേ ഗ്രൗണ്ടിനും ജംനാസ്റ്റിക്കിനും വേണ്ടിയുള്ള സൌകര്യങ്ങളും ഉണ്ടെന്നുള്ളതുതന്നെ ബഹുമാനപ്പെട്ട ഡയറക്ടർ അവർകൾ ആലോചിച്ചാൽ കൊള്ളാം. ഒരു മഹാൻ തരാൻ പോകുന്ന കാര്യത്തെക്കുറിച്ചാലോചിക്കുമ്പോൾ അതു "കുറുക്കനും മുന്തിരിങ്ങ'യുമെന്നുള്ള കഥപോലെയാണു് എനിക്കു തോന്നുന്നതു്. ഈ നിലയിൽ മട്ടാഞ്ചേരിയിലെ വിദ്യാർത്ഥികൾക്കു വിദ്യാഭ്യാസം കൊടുക്കുന്ന കാര്യം നീട്ടിക്കൊണ്ടു പോകുവാനാണു് വിചാരിക്കുന്നതെങ്കിൽ, അതോടുകൂടി അവരുടെ ആയുസ്സും ബാല്യവും നീട്ടിക്കൊണ്ടു പോകുവാൻ ശക്തിയുണ്ടെങ്കിൽ അതും ചെയ്താൽ കൊള്ളാം. ഇപ്പോൾ മട്ടാഞ്ചേരിയിൽ ഹാസ്പിറ്റലിനെ സംബന്ധിച്ചുള്ള പണികളുടെ ചുവരുകളെല്ലാം പൊങ്ങിക്കാണുന്നുണ്ടു്. ഇനി അവിടെ ദീനക്കാരെ കിടത്താനുള്ള മുഹൂർത്തത്തിനു കുറച്ചു താമസമുണ്ടാകുമെന്നാണു തോന്നുന്നതു്. ഇങ്ങിനെയുള്ള കാര്യങ്ങൾക്കു പണമില്ലെന്നാണു ഗവർമ്മെൻറു മറുപടി പറയുന്നതു്. കുട്ടികളുടെ വിദ്യാഭ്യാസത്തിനു വേണ്ടി ഒരു ഹൈസ്കൂൾ വേണമെന്നു പറയുമ്പോൾ അതിനു പണമില്ല എന്നു സമാധാനം പറയുന്നതു വളരെ സങ്കടമാണു്. അതു ഈ അവസരത്തിൽ പറയരുതെന്നാണെൻറെ അപേക്ഷ. ഗവർമ്മെണ്ടു പല ഇനങ്ങൾക്കായി കോടിക്കണക്കിനു രൂപാ ചിലവാക്കുന്നുണ്ടു്. പോരാതെ വന്നാൽ പുറത്തുനിന്നു കടം വാങ്ങിക്കുന്നുമുണ്ടു്. ഹൈസ്കൂളിൻെറ കാര്യത്തിനു മാത്രം പണമില്ലെന്നു പറഞ്ഞാൽ അതു പുറത്തുള്ളവർ അറിയുമ്പോൾ നമ്മേക്കുറിച്ചു എന്തു വിചാരിക്കും? പണമില്ലേ? (ചിരി) പണം ഇല്ലാതെ നിങ്ങൾ എങ്ങിനെയാണു് രാജ്യം ഭരിക്കുന്നതു്? ഈ കൊല്ലം ഞങ്ങളെ മുഴുവനും പിഴിഞ്ഞെടുത്തുകഴിഞ്ഞിട്ടും പിന്നെയും പണമില്ല ശക്തി ഇല്ല എന്നാണോ ഗവർമ്മെൻറു പറയുന്നതു്? നിങ്ങളുടെ നിത്യ ആലോചനയ്ക്കു ഞാൻ ഒരുറവും കാണുന്നില്ല. ഞങ്ങൾ എന്തെങ്കിലും പറയുമ്പോൾ സംഗതികൾ ഒക്കെ ശരിയാണെന്നും പറയും. കാര്യത്തിനു ഒട്ടു നടപ്പും ഇല്ല. മട്ടാഞ്ചേരിയിൽ ഈ അടുത്ത കാലത്തെങ്ങും ഒരു ഹൈസ്കൂൾ തരാൻ ഭാവമില്ലാത്ത നിലയാണു കാണുന്നതു്. മാത്രമല്ല ഭാവികാലത്തിൽ ഇങ്ങിനെ ഒരു സ്കൂൾ കിട്ടുന്ന കാര്യവും ആശാരഹിതമായിത്തീർന്നിരിക്കുന്നു. അതുകൊണ്ടു മട്ടാഞ്ചേരിയിൽ

LIBRARY ARCHIVES Kerala Legislative Assembly

ഒരു ഹൈസ്കൂൾ സ്ഥാപിച്ചു കിട്ടുവാൻ വേണ്ടി എല്ലാ മെമ്പറന്മാരും സഹായിക്കണമെന്നപേക്ഷിച്ചുകൊണ്ട് ഞാൻ ഇതു പ്രസ്സ് ചെയ്യുവാൻ തന്നെ വിചാരിക്കുന്നു.

Motion was put and carried.

Motion No. 30.

Mr. A. Narayana Menon.—"*To reduce the allotment of Rs. 16,26,650 for Education by Re. 1. To point out the necessity of the State taking initiative to start a Kerala University on modern and up-to-date lines.*"

Sir, I do not think that it this late hour it is necessary for me to go into the question of the necessity of a Kerala University in all its details. The Travancore University Committee and the Kerala University Committee of which, I believe, the present President is our retired Director of Public Instruction, Rao Sahib C. Mathai and which is composed of such eminent educationists like Sir K. Ramunni Menon and Mr. A. V. K. Menon and others as members, had collected sufficient information and had placed before the public the urgent necessity of having a University, for Kerala. As such I do not think that any elaborate argument is necessary in this House to make out a case for a Kerala University. In pleading for the inauguration of a Kerala University I do not mean that we should have a pocket edition of the Madras University; we should teach in our University, as far as possible, subjects which are not taught by the Madras University, i. e. subjects like Agriculture, Ayurveda, Marine Engineering, Accountancy, Office Organisation, Business Methods, Economics, Banking. These are subjects in which we want efficient men especially when the Harbour is rising before us. Provision for an advanced study of the subjects I have mentioned is absolutely necessary. If the Travancore Government and the Cochin Government and the District of Malabar co-operate, it is not at all difficult for us to have a Kerala University provided that there is a will for it. In reply to a recent deputation of the Kerala University Committee to one of the three Governments, it appears to have been said that if the other two units are willing they are also willing, to do their best in the matter. So the only thing necessary is that all the parties should join hands and work for the attainment of the object. The very fact that our students find it absolutely impossible to get free admission into the professional colleges at Madras, that we have to pay a very high price even for getting admission for a small number

LIBRARY ARCHIVES Kerala Legislative Assembly

of students in the Engineering and Medical colleges at Madras and that we have given a blank cheque so to say to the Benares University without having absolutely any control over the management and for giving admission to a very limited number of our students, are arguments sufficient to show that if we stop all these contributions we can find sufficient funds to make up our share of the contribution for the conduct of the Kerala University. For the proper development of Kerala culture we require a separate University. Kerala is distinct from the other parts of the Madras Presidency. It stands as a body by itself. I do not think that anybody here will dispute the proposition that I place before the House.

Then another fact that I want to lay stress on is that at one time there was an obsession for the starting of a teaching University and that no other type of University was wanted. That idea has now been given up and in fact the late Viceroy, His Excellency Lord Willingdon himself, advocated the cause of a Federal University. The Federal type of University is the type of University fit for Kerala. When I say that I do not want a pocket edition of the Madras University I am supported by competent authorities. Mr. Statham when he delivered the Jubilee Memorial Lectures in the Maharaja's College laid special emphasis that we want more Universities and that no University should be a replica of another. There should be co-ordination between University and University. Lord Willingdon when he addressed the representatives of the various Indian Universities also laid emphasis on the fact. By starting a University for Kerala we are not in any way going against the Madras University. On the contrary, we are just supplying studies for subjects for which the other universities in South India do not provide. There is necessity for co-ordination between the various Universities here and considered from that standpoint also it is absolutely essential that we should have a University of our own. With these few words I commend this motion to the acceptance of the House and I hope Hon'ble Members will unanimously vote for this motion.

Rao Sahib I. N. Menon.—Sir, I find my position very uncomfortable for very special reasons. On all the cut motions that have been coming before the House Hon'ble Members have been speaking for or against the motion and particularly in a matter like this—a matter extremely comprehensive—I would have very much liked to hear the voice of the House. However, I have been denied that pleasure and must go on indulging in

LIBRARY ARCHIVES Kerala Legislative Assembly

